# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഫെബ്രുവരി 2025



കണ്ണിൽ കണ്ണിൽ നോക്കിയിരിക്കാൻ

ധൈര്യലേപനം

കത്തോലിക്ക സഭയും ജൂബിലി വർഷവും

# CASA DIVINA

**CHURCH & DEVOTIONAL ARTICLES**

**DEPARTMENT OF CATECHESIS**

**DIOCESE OF KOTTAPURAM- KODUNGALLUR**

- ബൈബിൾ
- പ്രാർത്ഥനാ പുസ്തകങ്ങൾ
- വണക്കമാസം
- ജപമാലകൾ
- തിരുസ്വരൂപങ്ങൾ

തുടങ്ങിയവയെല്ലാം

മിതമായ നിരക്കിൽ ലഭിക്കുന്നു.






**8281420078**



# ഹൃദയപൂർവ്വം ചേർത്തുപിടിക്കാം



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**അ**പ്പൻ മകന് കത്തെഴുതി: "മോനേ, അമ്മയ്ക്ക് നിന്നെ കാണാൻ കൊതി. ഒന്നു വന്നുകൂടേ നിനക്ക്?" മകൻ വിദേശത്ത് കനത്ത വേതനം പറ്റി ജീവിക്കുന്നയാളാണ്. ഇവിടെ നാട്ടിലെ കൊട്ടാരസദൃശമായ വീട്ടിൽ നിധി കാക്കുന്ന ഭൂതങ്ങളെപ്പോലെ വൃദ്ധരായ അച്ഛനും അമ്മയും. മകനെ ഒരുനോക്കുകാണാൻ അമ്മയ്ക്ക് കൊതിമൂത്തപ്പോഴാണ് അപ്പൻ കത്തെഴുതിയത്. മറുപടി ഉടൻ ഉണ്ടായി: "തിരക്കപ്പാ തിരക്ക്. വേനലൊഴിവുകാലത്ത് വീട്ടിലെത്തണം..." "പക്ഷേ, നിന്നെയൊന്നു കണ്ടാൽമതി അമ്മയ്ക്ക്..." 'തിരക്ക്... തിരക്ക്...' വീണ്ടും അപ്പനെഴുതി: "മോനേ, അമ്മയ്ക്ക് വയ്യ. നിന്നെയൊന്നു കണ്ടാൽ രോഗം മാറും.' മകൻ പണമയച്ചു കൊടുത്തു. ഏറ്റവും നല്ല ആശുപത്രിയിലെത്തിക്കൻ നിർദേശവും. ഒടുവിൽ നിന്നെരിഞ്ഞ് കത്തിപ്പടർന്ന് അമ്മ കെട്ടടങ്ങി. മരണവാർത്ത അറിഞ്ഞയുടൻ തിരക്കെല്ലാം മാറിപ്പോയി. മകൻ ഓടിയെത്തി. ഹൃദയം പൊട്ടിക്കരഞ്ഞ് അമ്മയെ തൊട്ടുഴിയാൻ തുടങ്ങി. നിർവികാരനായി അപ്പൻ പറയുന്നു: "അതിനെ ഇനി തൊടണ്ട മോനേ. അതിന് ജീവനില്ല. ഇന്നലെ നീ വന്നിരുന്നെങ്കിൽ, ഒന്നു തൊട്ടിരുന്നെങ്കിൽ അതിന്റെ ജീവൻ പോവില്ലായിരുന്നു..."

ഒന്നിനും സമയം തികയാത്ത തിരക്ക് പിടിച്ച ഒരു ലോകത്തിലാണ് നമ്മളിൽ പലരും ജീവിക്കുന്നത്. ജീവിതത്തിലെ തിരക്ക് പിടിച്ച ഓട്ടത്തിനിടയിൽ കൂടെയുള്ളവരെ സ്നേഹിച്ച് ചേർത്തു പിടിക്കാൻ, നമ്മളെ സ്നേഹിക്കുന്നവരുടെ സങ്കടങ്ങൾക്ക് കൂട്ടിരിക്കാൻ പലപ്പോഴും സാധിക്കാതെ പോകുന്നുണ്ട് എന്നുള്ളതും സത്യമാണ്. 'സ്നേഹം' എന്നത് എന്നിൽ നിന്ന് എന്റെ പ്രിയപ്പെട്ടവരിലേക്ക് എത്താനുള്ള ദൂരത്തിന്റെ പേരാണെന്ന് വേണമെങ്കിൽ പറയാം.

കുടുംബബന്ധങ്ങളിലും സുഹൃദ്ബന്ധങ്ങളിലും പ്രണയബന്ധങ്ങളിലും എല്ലാം ആത്മാർത്ഥമായ സ്നേഹം നഷ്ടപ്പെട്ടുപോയാൽ അത് ഏതൊരു ബന്ധത്തിന്റെയും തകർച്ചയുടെ തുടക്കമാകും.

ഈ ദിവസങ്ങളിൽ ദൃശ്യമാധ്യമങ്ങളിലൂടെ നമ്മൾ കണ്ടറിഞ്ഞ, ഞെട്ടിച്ചുകളഞ്ഞ സംഭവങ്ങൾ... കാമുകനെ ഒഴിവാക്കാനായി സ്നേഹത്തിന്റെ കെണിയൊരുക്കി വിഷം കലർത്തിയ കഷായ ചലഞ്ചുമായി ഒരു പെൺകുട്ടി. കുറ്റബോധത്തിന്റെ ലാഞ്ചന പോലും ഇല്ലാതെ അവനെ മരണത്തിന്റെ ആഴത്തിലേക്ക് തള്ളി വിടുമ്പോഴും നുണക്കഥകൾ കൊണ്ട് തന്റെ നിഷ്കളങ്കതയുടെ കൊട്ടാരം പണിതുയർത്തുവാനും അവൾ ശ്രദ്ധിച്ചു.

സ്നേഹത്തിന്റെ മുഖംമൂടിയണിഞ്ഞ് ഉള്ളിൽ സ്വാർത്ഥ ലാഭത്തിന്റെ കണക്കുകൾ കൂട്ടി നോക്കി കൊണ്ടാണ് ചിലരെങ്കിലും മറ്റുള്ളവരെ സ്നേഹിക്കുന്നത്.

വിശുദ്ധ ഗ്രന്ഥം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട് :

**"സ്നേഹം അനുചിതമായിപെരുമാറുന്നില്ല. സ്വാർഥം അന്വേഷിക്കുന്നില്ല. കോപിക്കുന്നില്ല. വിദ്വേഷം പുലർത്തുന്നില്ല."**

(1 കോറിന്തോസ് 13 : 5)

തുറന്ന മനസോടെ ചുറ്റുമുള്ളവരെ സ്നേഹിക്കുവാൻ, പ്രിയപ്പെട്ടവർക്ക് കൂട്ടിരിക്കുവാൻ നമുക്ക് സാധിക്കട്ടെ.








ഞാൻ മനുഷ്യരുടെയും ദൈവദൂതൻമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്.

1 കോറിന്തോസ് 13 : 1

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ഫെബ്രുവരി 2025

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

## താളുകളിൽ

*പൈതൃകാമുഖം*
**സ്നേഹത്തിന്റെ ആഘോഷം** ............................ 4

**കണ്ണിൽ കണ്ണിൽ നോക്കിയിരിക്കാൻ** .................... 6

*വിശ്വാസത്തിന്റെ വഴിത്താര*
**സ്ഥൈര്യലേപനം** ........................................ 10

*ചരിത്രക്കണ്ണി : ഭാഗം 2*
**വില്ലാർവട്ടം രാജവംശത്തിന്റെ പ്രശസ്തിയും പൗരാണികതയും പ്രാമുഖ്യവും** .......................... 12

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**കത്തോലിക്ക സഭയും ജൂബിലി വർഷവും** ............. 17

*അയൽക്കൂട്ടം*
**യേശുവിന്റെ സമർപ്പണവും ജൂബിലി വർഷവും** ....... 18

**CURIA NOTIFICATION** ........................................... 20

**മതബോധന വാർത്തകൾ** ................................ 23

**രൂപത വാർത്തകൾ** ...................................... 24

**പിതാവിന്റെ ഡയറി – ഫെബ്രുവരി** ...................... 27

**ലോഗോസ് ക്വിസ് ഉത്തരം** ................................ 27

*വചനധ്യാനം*
**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം** .... 28





# സ്നേഹത്തിന്റെ ആഘോഷം



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ



**ഫെ**ബ്രുവരി 14 വാലന്റൈൻസ് ദിനമായി ആചരിക്കുമ്പോൾ ഈ പേരിന്റെ കാരണഭൂതനായ വിശുദ്ധ വാലന്റൈനെക്കുറിച്ച് അല്പം വെളിച്ചം പകരുന്നത് നല്ലതാണെന്ന് കരുതുന്നു. ഈ വിശുദ്ധന്റെ സ്നേഹവും വിശ്വാസവും ത്യാഗവും, ഫെബ്രുവരി മാസത്തിന് തിളക്കം കൂട്ടുന്നു. മൂന്നാം നൂറ്റാണ്ടിൽ റോമിൽ ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്ന ഒരു വൈദികനും ബിഷപ്പും ആയിരുന്നു വിശുദ്ധ വലന്റയിൻ. ക്ലൗഡിയൂസ് രണ്ടാമൻ ചക്രവർത്തിയുടെ കാലത്ത് ക്രൈസ്തവ വിവാഹത്തെ നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി സൈനികർ വിവാഹം കഴിക്കരുതെന്നും അങ്ങനെയുള്ളവരാണ് ധീരരും ശക്തരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനെ ചെറുക്കുവാനായി വലന്റെയിൻ യുവതിയുവാക്കളെ രഹസ്യമായി വിളിച്ചുകൂട്ടുകയും അവരുടെ വിവാഹം നടത്തിക്കൊടുക്കുകയും ചെയ്തു. സ്നേഹിക്കുന്നവരെ അകറ്റുവാൻ പാടില്ലെന്നും ഭാര്യാഭർതൃ ബന്ധം, കുടുംബജീവിതം ഇവയൊക്കെ സ്നേഹത്തിന്റെ അടിസ്ഥാനമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ച ഇദ്ദേഹത്തെ സഭ പിന്നീട് സ്നേഹിക്കുന്നവരുടെ എല്ലാവരുടെയും മധ്യസ്ഥനായി പ്രഖ്യാപിച്ചു.

കത്തോലിക്കാ സഭ സ്നേഹത്തിന്റെ കാവൽദൂതയാണ്. ദൈവം സ്നേഹമാകുന്നു (1 യോഹ 4:8) എന്ന വചനഭാഗത്തെ അടിസ്ഥാനമാക്കി സ്നേഹത്തിന്റെ



*എനിക്കു പ്രവചനവരമുണ്ടായിരിക്കുകയും സകല രഹസ്യങ്ങളും ഞാൻ ഗ്രഹിക്കുകയും ചെയ്താലും സകല വിജ്ഞാനവും മലകളെ മാറ്റാൻതക്ക വിശ്വാസവും എനിക്കുണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല.*
1 കോറിന്തോസ് 13 : 2

കവിഞ്ഞൊഴുകലാണ് സൃഷ്ടിയെന്ന് (AG 2) രണ്ടാം വത്തിക്കാൻ കൗൺസിൽ അടിവരയിട്ട് പറയുമ്പോൾ മനുഷ്യരെല്ലാവരും സ്നേഹത്തിന്റെ ശൃംഖലയാൽ കോർത്തിണക്കപ്പെട്ടവരാണെന്ന് സഭ ഓർമ്മപ്പെടുത്തുന്നു. ബെനഡിക്ട് പാപ്പ തന്റെ ആദ്യ ചാക്രിക ലേഖനമായ Deus Caritas Est (2005) ൽ സ്നേഹത്തിന്റെ മൂന്ന് തലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. Eros എന്ന ആദ്യതലം സഹജ വാസനയുടെ (instinct) ഏറ്റവും താഴെയുള്ള തലമാണെന്ന് പറയുന്നു. ഇവിടെ മൃഗങ്ങൾക്കും മനുഷ്യർക്കും എല്ലാം ഈ സ്നേഹം ഉണ്ട്. എന്നാൽ ഇത് സ്നേഹത്തിന്റെ ആദ്യതലം മാത്രമാകുന്നുള്ളൂ. രണ്ടാമത്തെ തലം അല്പം ഉയർന്നതാണ് അത് യുക്തിസഹമായ (rational) തലമാണ്. ചിന്തിക്കുന്ന മനുഷ്യർക്ക് ഈ തലം തിരിച്ചറിയാൻ കഴിയും. ഇതിനെ പാപ്പ പറയുന്നത് Philia എന്നാണ്. സൗഹൃദം എന്നും സ്നേഹം എന്നും പറയുന്ന ഈ തലം എന്റെ അപ്പനെയും അമ്മയെയും എന്റെ സഹോദരനെയും സഹോദരിയെയും തിരിച്ചറിയുന്ന സ്നേഹമാണ്. എന്റെ ബന്ധത്തിൽ നിന്നാണ് ഞാൻ മറ്റുള്ളവരെ തിരിച്ചറിയുന്നതും സ്നേഹിക്കുന്നതും. മൂന്നാമത്തെ തലം ആത്മീയതയുടെ തലമാണ്. ഇത് ഏറ്റവും ശ്രേഷ്ഠമായ തലമാണ്. ഈ സ്പിരിച്ചിൽ തലത്തെ പാപ്പ വിളിക്കുന്നത് Agape എന്നാണ്. നാമെല്ലാവരും ദൈവപിതാവിന്റെ മക്കളാണെന്നുള്ള വലിയ തിരിച്ചറിവിൽ നിന്നാണ് ഈ സ്നേഹത്തിന്റെ പ്രവാഹം. ഞാൻ എന്തുകൊണ്ട് ഒരുവനെ അല്ലെങ്കിൽ ഒരുവളെ സ്നേഹിക്കുന്നു എന്നതിന് ഉത്തരം അവൻ അല്ലെങ്കിൽ അവൾ ദൈവത്തിന്റെ മകനായതുകൊണ്ട് ദൈവത്തിന്റെ മകളായതുകൊണ്ട് എന്നുള്ള നിലയിലാണ്. ഈ സ്നേഹത്തെ അതീന്ദ്രിയ (mystical) അനുഭവമായിട്ട് പറയാം. വിശുദ്ധ ഫ്രാൻസിസ് അസീസിക്കും വിശുദ്ധ മദർ തെരേസയ്ക്കും ഒക്കെ രോഗികളും പീഡിതരും ദാരിദ്ര്യം ഉള്ളവരും ഒറ്റപ്പെട്ടവരുമായ വരെ



കാണുമ്പോൾ അവരെയൊക്കെ തന്റെ സഹോദരനും സഹോദരിയുമായി കാണുവാനുള്ള വലിയ ഉൾക്കാഴ്ചയാണ് ഈ സ്നേഹത്തിന്റെ അടിസ്ഥാനം. നമ്മുടെ പ്രകൃതിയെ പോലും സഹോദരനും സഹോദരിയും എന്ന് വിളിച്ചുകൊണ്ട് ആ പ്രകൃതിക്ക് സ്തുതി പാടുന്ന (Laudato Si) വലിയ മനസ്സിന്റെ തിരിച്ചറിവാണ് ഈ സ്നേഹം.

ഫ്രാൻസിസ് പാപ്പ തന്റെ നാലാമത്തെ ചാക്രിക ലേഖനമായ 'Dilexit Nos' ൽ ഈ ലോകത്തെ മുഴുവൻ പിടിച്ചുനിർത്തുന്ന സ്നേഹത്തിലേക്ക് തിരിച്ചുവരുവാനായി ക്ഷണിക്കുന്നുണ്ട്. സ്നേഹം ശരീരത്തിലേക്കുള്ള ആകർഷണം മാത്രമല്ല. സ്നേഹം മാനസിക സന്തോഷം പ്രധാനം ചെയ്യുന്നത് മാത്രമായി കുറഞ്ഞു പോകരുത്. സ്നേഹം ആത്മീയതയുടെ വലിയ ഒരു ആഘോഷമായി മാറണം. തിരുഹൃദയത്തിന്റെ മാതൃകയിൽ മറ്റുള്ളവർക്ക് വേണ്ടി മുറിയുന്ന, മറ്റുള്ളവർക്ക് വേണ്ടി ജ്വലിക്കുന്ന സ്നേഹം ആകുവാൻ ക്ഷണിക്കുന്ന പാപ്പായോടൊപ്പം ഈ മാസം നമുക്കും പറയാം ഈ ലോകത്തിന്റെ ഹൃദയത്തെ വീണ്ടും കണ്ടെത്തുവാൻ ഞാൻ പുതിയതായി സ്നേഹിക്കാൻ ആരംഭിക്കുന്നു. നിങ്ങൾക്കേവർക്കും സ്നേഹ പ്രണാമം. ■

ഞാൻ എന്റെ സർവസമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല.
1 കോറിന്തോസ് 13 : 3



# കണ്ണിൽ കണ്ണിൽ നോക്കിയിരിക്കാൻ



റവ. ഡോ. വിൻസന്റ് വാരിയത്ത്

**2**010 ൽ ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ട് വളരെ രസകരമായ ഒരു പരിപാടി സംഘടിപ്പിച്ചു. The artist is present എന്ന് പേരിട്ടു വിളിച്ച ആ കൗതുക പരിപാടി സത്യത്തിൽ കൗതുകതിനപ്പുറത്തെ കാര്യമുള്ള പരിപാടിയായിരുന്നു. ഒരോ ദിവസവും എട്ടു മണിക്കൂർ നേരത്തേക്ക് സ്നേഹവും സന്തോഷവുമുള്ള ഒരാൾ അവിടെയിരിക്കും. കനിവിന്റെ കലാകാരനാണയാൾ. The artist of mercy. അയാളുടെ കണ്ണിൽ നിങ്ങൾക്ക് നോക്കിയിരിക്കാം. അയാൾ നിങ്ങളുടെ കണ്ണിലേക്കും നോക്കിയിരിക്കും. നാല് കണ്ണുകൾ കഥപറയുകയാണ്.

അങ്ങേയറ്റം ആർട്ടിഫിഷ്യലല്ലേ ഇത്തരമൊരു തട്ടിക്കൂട്ടൽ പരിപാടി എന്ന് നിങ്ങൾ ചോദിച്ചേക്കാം. പക്ഷേ കുറച്ചു ദിവസങ്ങൾക്കും വേണ്ടി മാത്രം തുടക്കമിട്ട പരിപാടി മൂന്നു മാസത്തോളം നീണ്ടുനിന്നു. ആയിരത്തിയഞ്ഞൂറിലധികം ആളുകൾ കണ്ണിൽ കണ്ണിൽ നോക്കിയിരിക്കാൻ അവിടെ ചെന്നു! ആൾക്കൂട്ടത്തിനിടയിൽ ആളുകളെ കണ്ടെത്താനാവാത്തതാണ് നമ്മളെല്ലാം നേരിടുന്ന വലിയ പ്രശ്നം. വലിയൊരു ആൾക്കൂട്ടത്തിൽ നിങ്ങളുടെ കണ്ണുകളിലേക്ക് നോക്കി നിങ്ങളുടെ ആത്മാവിനെ കണ്ടെത്തുന്ന ഒരാളെ നിങ്ങൾക്ക് കാണാനായി കഴിഞ്ഞാൽ നിങ്ങൾ അറിയാതെ തന്നെ ചിറകുമുളച്ചു പറന്നുയരുമായിരിക്കും.

കണ്ണിൽ നോക്കി ഇരിക്കുക എന്നത് നിസാര കാര്യമല്ല. ശരീര ശാസ്ത്രം പറയുന്നത് നിങ്ങളുടെ കണ്ണിലേക്ക് ആരെങ്കിലും സ്നേഹത്തോടെ നോക്കിക്കഴിഞ്ഞാൽ ഇമോഷൻ സെന്ററായ ആയ അമിഗ്ദല ഉണ്ടാക്കുന്ന ചില സിഗ്നൽസ് മൂലം ശരീരം മൊത്തത്തിലും മനസിലും ഊർജ പ്രവാഹം ഉണ്ടാവും എന്നാണ്. സ്നേഹവും അടുപ്പവും വിശ്വാസവും ഒക്കെ ഉളവാക്കുന്ന കുറെ ഹോർമോണുകൾ ശരീരത്തിൽ ഉൽപാദിപ്പിക്കപ്പെടും. ശരീര ശാസ്ത്രജ്ഞർ പറയുന്നത് എല്ലാദിവസവും രണ്ടു മിനിറ്റ് നേരമെങ്കിലും നിങ്ങളുടെ കണ്ണിൽ നോക്കാനും നിങ്ങൾക്ക് കണ്ണിൽ നോക്കാനും ആരെങ്കിലും ഉണ്ടാവുകയെന്നുള്ളത് ശരീരത്തിന്റെയും മനസ്സിന്റെയും ആവശ്യമാണെന്നാണ്. ഭാരതീയ ചിന്തകളിൽ Eye gazing വളരെ പ്രധാനപ്പെട്ടതായി കണ്ടിരുന്നു. തന്ത്ര പോലുള്ള പഠനശാഖകളിൽ ആർദ്ര നോട്ടം ഉണ്ടാക്കാവുന്ന നേട്ടങ്ങളെ കുറിച്ചുള്ള പ്രതിപാദ്യങ്ങളുണ്ട്. കാഴ്ചയും കാഴ്ചപ്പാടും ഒറ്റ നോട്ടം മൊത്തത്തിൽ മാറ്റി മറിക്കുന്നുണ്ട്. ഹെലൻ കെല്ലറെ കാണാൻ ഒരു പെൺകുട്ടി വരുന്നു. അവളോട് ഹെലൻ കെല്ലർ ചോദിക്കുന്നു, വഴിയോരത്തെ പൂക്കളും വെള്ളച്ചാട്ടവും പച്ചപ്പുമൊക്കെ കണ്ടാസ്വദിച്ചുവോ! അവൾ പറഞ്ഞു, ഇല്ല! ഇങ്ങോട്ട് വരാനുള്ള തിരക്കിലായിരുന്നു. വളരെ സ്വാഭാവികമായിട്ട്, അത്ഭുതത്തോടെ ഹെലൻ കെല്ലർ ചോദിക്കുന്നു. നിനക്ക് പിന്നെ



സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല.
1 കോറിന്തോസ് 13 : 4

എന്തിനാണ് കണ്ണുണ്ടായിരുന്നത്! കണ്ണുണ്ടായിരുന്നിട്ടും കാണുന്നില്ല എന്ന് യേശു വിലപിക്കുന്നതും ഈ അർഥത്തിൽ തന്നെയാണ്. കാഴ്ചയിൽ തുടങ്ങി കാഴ്ചപ്പാടുകളിലേക്കും ദൂരക്കാഴ്ച്ചകളിലേക്കും ഒരാൾ വളരണം. കാണേണ്ടത് പോലും കാണുന്നില്ല എന്ന അവസ്ഥയാണെങ്കിലോ! ഭാര്യ കാൻസർ രോഗബാധിതയായി മുഷിഞ്ഞ വസ്ത്രം പോലെ ആശുപത്രി കിടക്കയിൽ കിടക്കുകയാണ്. ഭർത്താവ് കരുണ കരകവിയുന്ന കണ്ണുകളോടെ അവളെയെന്നും നോക്കിയിരിക്കും. അങ്ങേയറ്റം സ്നേഹാർദ്രയോടുകൂടി പരിചരിക്കും. ഒരു ദിവസം വേറെ ആരും ഇല്ലായിരുന്നു. അപ്പോൾ അവൾ അയാളോട് ചോദിക്കുന്നു, ഞാൻ വെറും അഴുക്കായി മാറിയില്ലേ! പണ്ട് അഴകായിരുന്നു, ഇപ്പോൾ അഴുക്കായി. അയാൾ പെട്ടെന്ന് അവളെ തടഞ്ഞുകൊണ്ട് പറഞ്ഞു, നീ അങ്ങനെ പറയരുത്! നീ ഒരിക്കലും അഴുക്കല്ല, അഴക് തന്നെയാണ്. ഇത്രയും അഴകുള്ള മുഖം ഞാൻ കണ്ടിട്ടില്ല. ഇത്രയും അഴകുള്ള പുഞ്ചിരിയും കണ്ടിട്ടില്ല. ഇത്ര അഴകുള്ള വേറെയൊരാളെയും ഞാൻ കണ്ടിട്ടില്ല. വെറും പുറംകാഴ്ചകൾ വെച്ച് നോക്കിക്കഴിഞ്ഞാൽ ആയാൾ പറഞ്ഞത് നുണയാണ്. പക്ഷേ അകത്തെ കാഴ്ചയുടെ വെട്ടത്തിൽ അത് സത്യം മാത്രമാണ്. ഷേക്സ്പിയർ എഴുതി, കണ്ണുകൾക്കപ്പുറമുള്ള കണ്ണുകൾകൊണ്ട് കാഴ്ചക്കപ്പുറമുള്ള കാഴ്ച കാണുവാനുള്ള സിദ്ധിയാണ് സ്നേഹം. ആ കാഴ്ചവെട്ടത്തിൽ കാണേണ്ട കാഴ്ചകളൊക്കെയാണ് നമുക്കുണ്ടാകേണ്ടത്. നമുക്ക് നഷ്ടമാകുന്നത് ഇത്തരത്തിൽ ആഴമുള്ള കാഴ്ചകളാണ്. ഇനി മറ്റൊരാളുടെ കണ്ണിലേക്ക് നോക്കുമ്പോൾ ഏതെല്ലാം വഴികളിലൂടെയാണ് നമ്മൾ സഞ്ചരിക്കുക.



**മഡോണ പാടുകയാണ്,**

*Look Into my eyes.*
*And you will see a world,*
*You have never known.*

സത്യമല്ലേ! ആഴമുള്ള ഒരു നോട്ടത്തിലൂടെ ഒരാൾ മറ്റൊരാളിലേക്ക് ഒരു യാത്ര നടത്തുകയാണ്. കണ്ണുകൾ ഇതുവരെ കാണാത്തവ കണ്ടുതുടങ്ങുന്നു. ഇതുവരെ സന്ദർശിക്കാത്ത ലോകത്തേക്ക് പിച്ചവെക്കുന്ന പോലെയാണ് നമ്മൾ. സുന്ദരമായ മലയാള സിനിമയിലെ അമ്മ കഥാപാത്രം യുവാവിനോട് പറയുന്നുണ്ട്, ഒരാളുടെ കണ്ണുകളിലേക്ക് നോക്കി കഴിഞ്ഞാൽ മനസ്സിലാകും എല്ലാവരും പാവങ്ങൾ ആണെന്ന്. ശരിയാണ്.

കൺമിഴി കണ്ണാടിയാണ്. അതിൽ നിങ്ങളെയും മറ്റൊരാളെയും നിങ്ങൾക്ക് കൃത്യമായി കാണാൻ പറ്റും. കണ്ണ് ഒരു വാതിൽ കൂടിയാണ്. ഈ മിഴി വാതിൽ തുറന്ന് അകത്തേക്ക് പ്രവേശിക്കുമ്പോൾ നിങ്ങൾ ഇതുവരെ മനസ്സിലാക്കാതെയിരുന്ന കുറെ കാര്യങ്ങൾ നിങ്ങൾ മനസ്സിലാക്കുകയാണ്. അതുകൊണ്ട് വിധിക്കും മുമ്പ് കണ്ണിൽ ഒന്ന് നോക്കുക. പിന്നെ കാഴ്ചപ്പാട് നേരെ ആകണമെങ്കിൽ മിഴികളിലെ പൊടിപടലങ്ങൾ മാറ്റണം. മുൻവിധികളുടെ

പൊടിപടലം നിറഞ്ഞ കണ്ണുകൊണ്ട് കാണുന്ന കാഴ്ച Blurred Vision മാത്രമായിരിക്കുമെന്നും നാം തിരിച്ചറിയണം. പുതിയ സ്ഥലത്ത് താമസമാക്കിയ അമ്മയും മകളും. മകൾ വാടക വീട്ടിലെ ജനാലയിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ വല്ലാതെ അഴുക്കുപിടിച്ച് മനുഷ്യരും അഴുക്കുപിടിച്ച വഴികളും എങ്ങും അഴുക്ക് മാത്രം. അമ്മ പറഞ്ഞുകൊടുത്തു. ആളുകൾക്കുമല്ല പ്രശ്നം. അഴുക്ക് നിന്റെ കണ്ണിലും കണ്ണാടിയിലുമാണ്. നിറയെ പൊടിയാണ്! സന്ദേശം വളരെ ലളിതം. Clean your window. And sight will be clearer. മിഴിഭിത്തി നിറയെ പൊടിപടലങ്ങളാണ്. അവ മാറ്റിയാൽ മാത്രമേ കാണേണ്ടത് കാണുകയുള്ളൂ.

ഹെലൻ കെല്ലർ തന്നെ പറയുന്നുണ്ട്. അന്ധതയെക്കാൾ വലിയ അന്ധത എന്ന് പറയുന്നത് കണ്ണ് ഉണ്ടായിരുന്നിട്ടും ദർശനം ഇല്ലാതിരിക്കുക എന്നതാണ്. നമ്മുടെ ഏറ്റവും വലിയ പ്രശ്നവും ഇത് തന്നെയല്ലേ! കണ്ണുകൾ കാണാത്ത കാഴ്ചകളുണ്ട്. കണക്കിൽ തോറ്റ കുട്ടിയെ അമ്മ പൊതിരെ തല്ലി. കുട്ടി കരഞ്ഞുതളർന്നു ഒറ്റക്ക് പോയി കിടക്കുകയാണ്. വീട്ടിൽ വൈകിവന്ന ഭർത്താവിനോട് ഭാര്യ കാര്യം പറഞ്ഞപ്പോൾ അയാൾ പറഞ്ഞു, കണക്ക് പേപ്പറിൽ മാത്രം നോക്കാതെ അവന്റെ കണ്ണിലേക്ക് ഒന്നു നോക്കാമായിരുന്നില്ലേ. കണ്ണിലേക്ക് നോക്കിയിരുന്നെങ്കിൽ നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറത്തെ കണക്ക് മനസ്സിലാക്കാൻ നിനക്ക് പറ്റുമായിരുന്നു. പരീക്ഷയിലെ കണക്കിൽ തോറ്റെന്നു കരുതി ജീവിതത്തിന്റെ കണക്കിൽ അവൻ തോറ്റുപോകുമെന്ന് ഞാൻ കരുതുന്നില്ല. ഓട്ടം പിഴച്ച കുട്ടിയെ കഠിനമായി ശാസിക്കുന്ന കോച്ചിനോട് അവന്റെ അമ്മ പറഞ്ഞു, അവന് ഓടാനാവാത്തതും നേടാനാവത്തതും മാത്രം കാണാനല്ല കണ്ണ്. ഇതുവരെ ഓടാനായതും നേടാനായതും കൂടി കാണാനായിരുന്നു കണ്ണ്.

നമ്മുടെ ഒരു പ്രശ്നം നമ്മൾ കാണാനാഗ്രഹിക്കുന്നത് മാത്രമാണ് നമ്മൾ കാണുന്നത്. കാണാൻ ആഗ്രഹിക്കാത്ത ഒരു കാര്യവും നമ്മൾ കാണുന്നില്ല. ഭാര്യ ഭർത്താവിനോട് ചിരിച്ചുകൊണ്ട് പറഞ്ഞു. നമ്മുടെ ദാമ്പത്യത്തെ BM, AM എന്ന് തിരിക്കണം. ചരിത്രത്തെ BC, AD എന്ന് തിരിക്കുന്നത് പോലെ. Before marriage ഞാൻ നിങ്ങൾക്ക് മാലാഖയായായിരുന്നു. After marriage ഞാൻ നിങ്ങൾക്ക് പിശാചാണ്. തൂവലുകളും ചിറകും കൊഴിഞ്ഞു: പോയതാണോ അതോ കാണാത്തതാണോ... കാഴ്ചയിലാണോ അല്ലെങ്കിൽ കാഴ്ചപ്പാടിലാണോ പ്രശ്നം... ഇതെല്ലാം സ്വയം ചോദിക്കേണ്ട ചോദ്യങ്ങളാണ്. കണ്ണുകൾ കാണാത്തവ നിങ്ങളെയും മറ്റൊരാളെയും നിർവ്വചിക്കുന്നുണ്ടാവാം. ആർക്കറിയാം! കണ്ണുകളിൽ താരകം തൂക്കിയിടുന്നവരുണ്ട്. അത് കുഞ്ഞുങ്ങളാണ്. കുഞ്ഞുങ്ങളെ കുറിച്ചുള്ള പഠനം പറയുന്നത് കുഞ്ഞുങ്ങൾക്കു പെർഫെക്റ്റ് വിഷൻ ആണെന്നാണ്. 20/20 ആണ് അവരുടെ വിഷൻ റേറ്റ്. പ്രായം കൂടുമ്പോൾ കാഴ്ചയും കുറയുന്നു. ശരിയാണ്! ഓരോ വർഷം ചെല്ലുന്തോറും കാണേണ്ടത് ഒന്നും കാണുന്നില്ല. കാണാൻ പാടില്ലാത്തതൊക്കെ കാണുന്നു. എന്താല്ലേ! നല്ല കാര്യങ്ങളുടെ കാര്യത്തിൽ വല്ലാത്ത ബ്ലർഡ് വിഷനാണ്.

സ്ത്രീകളെ കുറിച്ച് പറയുക അവർക്ക് പുരുഷന്മാരേക്കാൾ കൂടുതൽ വർണ്ണങ്ങൾ





സ്നേഹം അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ളാദം കൊള്ളുന്നു.
1 കോറിന്തോസ് 13 : 6

കാണാനുള്ള കഴിവുണ്ടെന്നാണ്. സാധാരണ ഒരാൾ ഒരു മില്യൻ വർണ്ണങ്ങൾ കാണുമ്പോൾ സ്ത്രീകൾ അതിന്റെ പലമടങ്ങ് വർണ്ണങ്ങൾ കാണുന്നുണ്ടത്രേ. ടെട്രാ മാറ്റിക് വിഷൻ എന്നാണ് ഇതിനെ വിളിക്കുക. അപൂർവ്വം ചില പ്രത്യേക സ്ത്രീകൾക്ക് സാധാരണയിലും നൂറു മടങ്ങ് കൂടുതൽ വർണ്ണങ്ങൾ കാണാനുള്ള കഴിവുണ്ടത്രേ. രണ്ട് X ക്രോമസോംസ് ഉള്ളതുകൊണ്ടാണ് ഇത് സംഭവിക്കുക. ഒരുപാട് വർണ്ണക്കാഴ്ചകൾ കണ്ട് വർണ്ണത്തിന്റെ ലോകത്തിൽ ജീവിച്ച ചില സ്ത്രീകൾ വിവാഹശേഷം കറുപ്പും വെളുപ്പും മാത്രമുള്ള ഒരു വന്യലോകത്ത് പെട്ടുപോകുന്നത് എന്തുകൊണ്ടാണ്. വർണ്ണക്കാഴ്ചകൾ ഒക്കെ അവർക്ക് നിഷേധിച്ച കളയുന്നത് സ്നേഹം കൊണ്ടാണോ സ്നേഹരാഹിത്യം കൊണ്ടാണോ! സ്നേഹിക്കുകയെന്നാൽ വർണ്ണപ്രപഞ്ചം നൽകുക എന്നാണർത്ഥം. കുഞ്ഞുങ്ങളുടെ കണ്ണുകൾ ദേവതുല്യമാണ്. അതുകൊണ്ടുതന്നെ അവർ സ്വർഗ്ഗത്തിലെ കാഴ്ചകൾ നിരന്തരം കാണുന്നുണ്ട്. മാലാഖമാർ കയറിയിറങ്ങുന്ന ഗോവണിയും ആകാശച്ചെരുവിൽ സ്വർഗ്ഗ കാഴ്ചകളും അവളുടെ കണ്ണുകൾ കണ്ടെത്തും. നമ്മുടെ കണ്ണുകൾ ഭൂമിയിലെ പരുക്കൻ യാഥാർത്ഥ്യങ്ങളിൽ മാത്രം കുടുങ്ങിക്കിടക്കുകയാണ്. ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചുറച്ച യുവാവ്. കടൽത്തീരത്ത് ആൾക്കൂട്ടവും ആരവവും ഒഴിയാൻ കാത്തിരിക്കുമ്പോൾ കളിച്ചുകൊണ്ടിരിക്കുന്ന കുഞ്ഞ് അയാളോട് ചോദിക്കുന്നു, കടലിനപ്പുറത്തും കരയുണ്ടല്ലേ! ഉത്തരം പറയാൻ വെമ്പുമ്പോൾ അവൾ വീണ്ടും ചോദിക്കുന്നു, സൂര്യൻ മുങ്ങുന്നത് വീണ്ടും പൊങ്ങാൻ ആണല്ലേ! ആ ഇരുണ്ട വൈകുന്നേരം അയാൾക്ക് സൂര്യനുദിച്ചു. സുര്യനെ നോക്കിയിരിക്കുന്ന പെൺകുട്ടിയോട് അയാൾ പറഞ്ഞു, നന്ദി. കണ്ണുകളിൽ താരകം തൂക്കിയിടുന്ന കുഞ്ഞുങ്ങൾ ക്രിസ്മസ് ട്രീ പോലെ നിങ്ങളുടെ വഴിയോരത്ത് പുഞ്ചിരി തൂകി നിൽക്കുന്നുണ്ട്. മിഴിയൊന്നുയർത്തുക. താരകങ്ങളെ കാണുക. പ്രകാശം പരക്കട്ടെ.

■





# സ്ഥൈര്യലേപനം




**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

**ക**ത്തോലിക്കാസഭയിലെ പ്രാരംഭ കൂദാശകളിലൊന്നായ സ്ഥൈര്യലേപനത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ നമുക്കു പരിശോധിക്കാം. ലത്തീൻ ഭാഷയിൽ **"കൊൺഫീർ മാസ്യോ"** എന്നാണ് സ്ഥൈര്യലേപനത്തെ വിളിക്കുന്നത്. ഇതിനർത്ഥം **"ബലപ്പെടുത്തുക, ദൃഢീകരിക്കുക"** എന്നെല്ലാമാണ്. മാമ്മോദീസയെ പൂർത്തീകരിക്കുന്ന കൂദാശയാണ് സ്ഥൈര്യലേപനം. ഈ കൂദാശ സ്വീകരിക്കുന്ന ഒരുവൻ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തോടെ വാക്കിലും പ്രവർത്തിയിലും ദൈവത്തിന്റെ സ്നേഹത്തിനും, ശക്തിക്കും സാക്ഷ്യം വഹിക്കാനുള്ള വീര്യം സ്വീകരിക്കുന്നു. അപ്പോൾ ആ വ്യക്തി കത്തോലിക്കാസഭയുടെ പൂർണ്ണതയുള്ള, ഉത്തരവാദിത്വ ബോധ്യമുള്ള പൂർണ്ണ അംഗമായി മാറുന്നു (CCC 1285 - 1314). കാരണം, പെന്തക്കൊസ്താ ദിവസം സമ്മേളിച്ചിരുന്ന ശിഷ്യരുടെ മേൽ പരിശുദ്ധാത്മാവ് ഇറങ്ങി വന്നതുപോലെ സഭ ആർക്കു വേണ്ടി പരിശുദ്ധാത്മാവിന്റെ ദാനം യാചിക്കുന്നുവോ, ആ വ്യക്തിയുടെ മേൽ അവിടുന്ന് ഇറങ്ങിവരുന്നു. അത് ക്രിസ്തുവിന് സാക്ഷ്യം നൽകുവാൻ ആ വ്യക്തിയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു.

എന്താണ് സ്ഥൈര്യലേപനത്തിൽ സംഭവിക്കുന്നത്? മാമ്മോദീസ സ്വീകരിച്ച ക്രൈസ്തവന്റെ ആത്മാവിൽ സ്ഥൈര്യലേപനം സ്ഥിരമുദ്ര പതിപ്പിക്കുന്നു. അത് ഒരിക്കൽ മാത്രം സ്വീകരിക്കാവുന്നതാണ്. അത് എന്നേയ്ക്കും ക്രൈസ്തവനായി ആ വ്യക്തിയെ അടയാളപ്പെടുത്തുന്നു. ആ വ്യക്തി മാമ്മോദീസയുടെ കൃപ ജീവിത്തിലൂടെ പ്രയോഗത്തിലാക്കുകയും ക്രിസ്തുവിന്റെ "സാക്ഷി"-യായി പ്രവർത്തിക്കുകയും ചെയ്യുന്നു. മാമ്മോദീസയെന്ന കൂദാശ സ്വീകരിച്ച വരപ്രസാദത്തിലായിരിക്കുന്ന കത്തോലിക്കനായ ഏതു ക്രിസ്ത്യാനിക്കും സ്ഥൈര്യലേപനം സ്വീകരിക്കാം. സാധാരണ് ഗതിയിൽ മെത്രാനാണ് സ്ഥൈര്യലേപനം എന്ന കൂദാശ പരികർമ്മം ചെയ്യേണ്ടത്. ഗൗരവാഹകമായ കാരണമുള്ളപ്പോൾ, അത്യാവശ്യമുണ്ടായാൽ ഒരു വൈദികനെ അക്കാര്യം ഏൽപ്പിക്കാവുന്നതാണ്.

**സ്ഥൈര്യലേപനത്തിനായി തയ്യാറാക്കുന്ന അഭിഷേക തൈലം 'ക്രിസം' എന്നാണ് അറിയപ്പെടുന്നത്.** ഒലിവ് എണ്ണയും ബാൾസവും

കൂട്ടിച്ചേർത്ത് നിർമ്മിക്കുന്ന എണ്ണയാണത്. പെസഹാ വ്യാഴ്ച രാവിലെ മെത്രാൻ അത് ആശിർവ്വദിക്കുന്നു. ആരാധനാക്രമത്തിൽ 'എണ്ണ' സന്തോഷം, ശക്തി, ആരോഗ്യം എന്നിവയുടെ പ്രതീകമാണ്. ക്രിസം കൊണ്ട് അഭിഷേകം ചെയ്യപ്പെട്ടവൻ 'ക്രിസ്തുവിന്റെ സൗരഭ്യം' വ്യാപിപ്പിക്കണമെന്നാണ് അർത്ഥമാക്കുന്നത്. റോമൻ റീത്തിൽ മെത്രാൻ സ്ഥൈര്യലേപനാർത്ഥികളുടെ മേൽ കൈകൾ വിരിച്ച് പരിശുദ്ധാത്മാവിന്റെ വർഷിക്കലിനായി പ്രാർത്ഥിക്കുന്നു. തുടർന്നു വരുന്നതാണ് ഈ കൂദാശയുടെ കാതലായ അനുഷ്ഠാന കർമ്മം. നെറ്റിയിൽ തൈലം പുരട്ടി "പരിശുദ്ധാത്മാവാകുന്ന ദാനത്തിന്റെ മുദ്ര സ്വീകരിക്കുക" എന്ന വാക്കുകൾ ഉച്ചരിച്ച് കൈവയ്പ്പു നടത്തിക്കൊണ്ടാണ് ഈ ലേപനം നിർവ്വഹിക്കുന്നത്. ഈ കൂദാശാകർമ്മത്തിന്റെ സമാപനത്തിലുള്ള 'സമാധാന ചുംബനം', മെത്രാനോടും എല്ലാ വിശ്വാസികളോടുമുള്ള സഭാത്മകമായ ഐക്യം പ്രകടിപ്പിക്കുകയും ചെയ്യുന്നു (CCC 1300-1301).



സ്ഥൈര്യലേപനം ഒരിക്കലേ നൽകപ്പെടുകയുള്ളൂ. കാരണം അത് ആത്മാവിൽ മായ്ക്കാനാകാത്ത ഒരു ആദ്ധ്യാത്മിക അടയാളമായ 'മുദ്ര' പതിപ്പിക്കുന്നു. തന്റെ സാക്ഷിയായിരിക്കേണ്ടതിന് യേശുക്രിസ്തു ക്രൈസ്തവനെ തന്റെ പരിശുദ്ധാത്മാവിന്റെ മുദ്രയാൽ അത്യുന്നതത്തിൽ നിന്നുള്ള ശക്തി ധരിപ്പിച്ചുകൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു എന്നതിന്റെ സൂചനയാണ് ഈ മുദ്ര. മാമ്മോദീസ സ്വീകരിക്കുന്നവർ എന്നപോലെ സ്ഥൈര്യലേപനം സ്വീകരിക്കാനുള്ളവരും ഒരു തലതൊട്ടപ്പന്റെയോ, തലതൊട്ടമ്മയുടെയോ ആദ്ധ്യാത്മിക സഹായം തേടേണ്ടതാണ് എന്ന് സഭ പഠിപ്പിക്കുന്നു. മാത്രമല്ല, ഈ രണ്ടു കൂദാശകളുടെയും ഐക്യത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുവാൻ തലതൊടുന്നയാൾ ജ്ഞാനസ്നാന മാതാപിതാക്കാളിൽ ഒരാളായിരിക്കുന്നത് ഉചിതവുമാണ് (CCC 1255). ക്രിസ്തുവിന്റെ പൂർണ്ണതയുടെ ദാനം കൊണ്ട് പരിശുദ്ധാത്മാവിനാൽ പൂർണ്ണനാക്കപ്പെടാതെ, തന്റെ മക്കളിൽ ആരും ഈ ലോകം വിട്ടു പോകരുതെന്ന് സഭ നിശ്ചയമായും ആഗ്രഹിക്കുന്നുണ്ട്. അതിനാൽ ഈ മായാത്ത മുദ്ര പതിക്കപ്പെട്ടിരിക്കുന്ന നമ്മോടായി വാഴ്ത്തപ്പെട്ട ചാൾസ് ഡി ഫോക്കാൾഡ് പറഞ്ഞുവയ്ക്കുന്നു, "പുരമുകളിൽ നിന്ന് സുവിശേഷം പ്രഘോഷിക്കുകയെന്നത് നിന്റെ വിളിയുടെ ഒരു ഭാഗമാണ്; വാക്കുകൾ കൊണ്ടല്ല പിന്നെയോ, ജീവിതം വഴി."

■

## ചരിത്രക്കണ്ണി : ഭാഗം 2

# വില്ലാർവട്ടം രാജവംശത്തിന്റെ പ്രശസ്തിയും പൗരാണികതയും പ്രാമുഖ്യവും



**പീറ്റർ കുരിശിങ്കൽ**

**കേ**രളത്തിലെ ക്രിസ്തീയ രാജവംശം സർവ്വവിധ മുഷ്ക്കരത്വത്തോടും പ്രതാപൈശ്വര്യങ്ങളോടും കൂടി നിലനിന്നിരുന്നു എന്നതിന് വേണ്ടത്ര തെളിവുകൾ സാധൂകരിക്കുന്നതായി നാം പരിശോധിച്ചുകഴിഞ്ഞു.

എ.ഡി ആയിരത്തി അഞ്ഞൂറിനോടടുത്ത് കൃത്യമായി പറഞ്ഞാൽ 1450 ജനുവരി 2-ാം തീയ്യതി അവസാനത്തെ വില്ലാർവട്ടം രാജാവ് അന്തരിച്ചു. ഈ രാജാവിന് മക്കൾ ഉണ്ടായിരുന്നില്ല. അതിനാൽ രാജ്യവും രാജവംശം വക മറ്റു സ്വത്തുക്കളും അധീശരാജാവായ കൊച്ചി രാജാവിന്റെ അധീനതയിൽ ചെന്നുചേരുകയും അങ്ങനെ ആ പുരാതന രാജവംശം നാമാവശേഷമായിത്തീരുകയുമാണുണ്ടായത്. അങ്ങനെ പിന്തുടർച്ചയില്ലാതെ അന്യംനിന്നുപോയ രാജവംശമാണ് വില്ലാർവട്ടം ക്രിസ്തീയ രാജവംശം. ക്രിസ്തീയ രാജവംശം എങ്ങനെ ഉടലെടുത്തു എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ചരിത്രകാരന്മാർ പല തട്ടുകളിലാണ്. വില്ലാർവട്ടം രാജവംശത്തിന്റെ ഉത്ഭവം എന്ന്? ഇതുസംബന്ധിച്ച് ചരിത്രകാരന്മാർ വ്യത്യസ്തങ്ങളായ കാലഗണനകളാണ് നൽകുന്നത്. അതുസംബന്ധിച്ച് ഡോ. ഹെർമൻ ഗുണ്ടർട്ട് പറയുന്ന കാര്യം സൂചകമായെടുക്കാമെന്നു തോന്നുന്നു. "ഈ രാജ്യത്തു ഞങ്ങളുടെ വംശത്തിൽ ഒരു തമ്പുരാനുണ്ടായിരുന്നു. അവനു പുരാണ പെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജപത്രികയും ഇതാ നിങ്ങൾക്കു തരുന്നു." അവന് പുരാണ പെരുമാക്കന്മാർ കൊടുത്തത് എന്നു പറയുമ്പോൾ, അത് കാലഗണന സംബന്ധിച്ച വ്യക്തമായ സൂചന നൽകുന്നില്ലേ? പെരുമാക്കന്മാരുടെ കാലത്തോളംതന്നെ വില്ലാർവട്ടം രാജവംശത്തിന് പഴക്കമുണ്ടെന്ന്, അഥവാ പെരുമാക്കന്മാരാണ് വില്ലാർവട്ടം രാജവംശത്തിന് അധികാരങ്ങൾ നൽകിയത് എന്നല്ലേ മനസ്സിലാക്കേണ്ടത്.

ആർച്ച് ബിഷപ്പ് മെനേസിസ് ചേന്ദമംഗലത്തെ സെമിനാരിയിൽ വച്ച് വില്ലാർവട്ടം രാജാവുമായി അഭിമുഖ സംഭാഷണം നടത്തിയതായി പറയുന്നുണ്ട്. ഈ അഭിമുഖത്തിൽ വില്ലാർവട്ടം രാജവംശത്തിന് 900 വർഷത്തെ പഴക്കം ഉണ്ട് എന്ന് മെനേസ്സിസിനോട് പറഞ്ഞിരിക്കുന്നു. ഈ അഭിമുഖം നടന്ന കാലത്ത് വില്ലാർവട്ടം രാജവംശത്തിലെ തോമാ രാജാവ് മൺമറഞ്ഞു കഴിഞ്ഞിരുന്നു. ആയതിനാൽ വിക്കിപീഡിയയിൽ പറയുന്ന ഈ അഭിമുഖം, മെനെസ്സിസ് വരുന്ന കാലത്ത് ജീവിച്ചിരുന്ന വില്ലാർവട്ടം രാജവംശത്തിലെ ഏതെങ്കിലുമൊരു വ്യക്തിയുമായുള്ള സംഭാഷണമായിരിക്കാം. 900 വർഷത്തെ പഴക്കം എന്ന വസ്തുതയ്ക്ക് നാം പ്രാധാന്യം കൊടുക്കുക.



സ്നേഹമാണ് സർവോത്കൃഷ്ടം.
1 കോറിന്തോസ് 13 : 13

പെരുമാക്കന്മാരാണ് വില്ലാർവട്ടം രാജവംശത്തിന് അധികാരാവകാശങ്ങൾ നൽകിയത് എന്ന് അനുമാനിക്കുന്നതിന് അടിവരയിടുന്ന ചില സൂചനകൾ കേരള മഹാചരിത്രം എന്ന ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ഒരു പക്ഷേ, ഈ സൂചനകൾ കെ.എൻ ഗോപാല പിള്ള രചിച്ച കേരളമഹാചരിത്രം എന്ന ഗ്രന്ഥത്തിൽ മാത്രം കഴിയുന്നു എന്നതും പ്രത്യേകത അർഹിക്കുന്നു. വില്ലാർവട്ടം രാജ്യവും രാജവംശവും എ.ഡി ഒന്നാം നൂറ്റാണ്ടുമുതൽ തന്നെ നിലനിന്നിരുന്നു എന്നതിന് ഊന്നൽ നൽകുന്നതാണാ സൂചനകൾ.

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ അപ്പസ്തോലൻ തോമസ് എന്ന പുണ്യവാൻ ഗുരുവിന്റെ മതം പൗരസ്ത്യ ദേശങ്ങളിൽ പ്രചരിപ്പിക്കുവാനായി ഭാരതഖണ്ഡത്തിലേക്ക് പുറപ്പെടുകയും എ.ഡി അമ്പത്തിരണ്ടാമാണ് പുരാതന വില്ലാർവട്ടം രാജ്യത്തും പിന്നീട് കൊടുങ്ങല്ലൂർ തുറമുഖത്തിനു സമീപമുള്ള മലങ്കര (മാല്യങ്കര) എന്ന ദ്വീപിലും ഇറങ്ങി ക്രിസ്തുമത പ്രചാരണം ആരംഭിക്കുകയും ചെയ്തു" (കേരള മഹാചരിത്രം പു. 253). കേരളത്തിലെ ക്രിസ്ത്യാനികൾക്ക് അവർ കേരളത്തിൽ ഉപവേശം ആരംഭിച്ച കാലംമുതൽ തന്നെ കേരള രാജാക്കന്മാർ ചില പ്രത്യേക അവകാശങ്ങൾ നൽകിയിട്ടുണ്ട്. അവർ വിശ്വസ്തരും രാജഭക്തരും ആയതിനാൽ നാടുവാഴികൾ അവരോട് വാത്സല്യപൂർവ്വം പെരുമാറിയിരുന്നു. ആത്മീയ കാര്യങ്ങളിൽ ക്രിസ്ത്യാനികളുടെമേൽ പരിപൂർണ്ണ അധികാരങ്ങളും ലൗകിക കാര്യങ്ങളിൽ ഏതാനും ചില അധികാരങ്ങളും നൽകിയിരുന്നു. വില്ലാർവട്ടം നസ്രാണി രാജാവിന്റെ നേരിട്ടുള്ള ഭരണത്തിൽ ഇരുന്നുകൊള്ളാൻ അവർക്ക് കേരള രാജാക്കന്മാർ അനുവാദം നൽകിയിരുന്നു. അതായത്, വില്ലാർവട്ടം രാജാവ് കേരള നസ്രാണികളുടെ സ്വയംഭരണകൂടത്തിന്റെ അദ്ധ്യക്ഷനായിരുന്നു. ഈ അദ്ധ്യക്ഷ സ്ഥാനം വില്ലാർവട്ടം സ്വരൂപത്തിലേക്ക് വംശപാരമ്പര്യമായി സിദ്ധമായിരുന്നു എന്ന് രേഖകൾ സ്ഥിരീകരിക്കുന്നു.

### വില്ലാർവട്ടം രാജവംശത്തിന്റെ അധികാര സീമയും പരിധിയും

വില്ലാർവട്ടം രാജവംശത്തിന്റെ അധികാര സീമയും പരിധിയും എത്രത്തോളമായിരുന്നു? എവിടെയായിരുന്നു കൊട്ടാര സമുച്ചയം? എന്നൊക്കെ ചിന്തിക്കുമ്പോൾ അന്നത്തെ ഭൂമി ശാസ്ത്രപരമായ വ്യതിയാനങ്ങൾ പരിഗണനാ വിഷയങ്ങളാണ്. എ.ഡി 1341 ൽ പെരിയാറ്റിൽ ഉണ്ടായ അതിശക്തമായ വെള്ളപ്പൊക്കം അതിനു മുമ്പുണ്ടായിരുന്ന ഭൂപ്രദേശങ്ങളുടെ ഘടനയും രൂപവും തന്നെ മാറ്റിക്കളഞ്ഞതായും പുതിയ ഭൂപ്രദേശം ഉടലെടുത്തതായും മനസ്സിലാക്കേണ്ടത് വില്ലാർവട്ടം രാജവംശത്തിന്റെ അധികാര സീമയും പരിധിയും പരിഗണിക്കുമ്പോൾ അത്യന്താപേക്ഷിതമാണ്.

വില്ലാർവട്ടം രാജാവിന് പുരാണ പെരുമാക്കന്മാർ കൊടുത്തതാണ് രാജാധികാരവും പദവികളുമെന്ന് നാം നേരത്തേ കണ്ടതാണ്. ആ നിലയ്ക്ക് ഇവിടെ പെരുമാക്കന്മാരുടെ ഭരണകാലത്ത് അവരുടെ വിശ്വസ്തരായിരുന്ന ഏതെങ്കിലുമൊരു വംശത്തിനോ മാടമ്പിക്കോ കൊടുത്തതായിരിക്കണം ഈ വില്ലാർവട്ടം രാജപദവി. പ്രശസ്തമായ ഈ നിഗമനങ്ങളിലേക്ക് നമ്മെ നയിക്കുന്ന ചില ചൂണ്ടുപലകകൾ കാണാതിരുന്നുകൂട.

സെന്റ് തോമസ് കേരളം സന്ദർശിച്ച എ.ഡി ഒന്നാം ശതകത്തിൽ വില്ലാർവട്ടം എന്നൊരു രാജസ്വരൂപം ഇവിടെ ഉണ്ടായിരുന്നു. പ്രശസ്ത രാജവംശത്തിന്റെ നേരിട്ടുള്ള ഭരണത്തിൽ ഓരോ രാജ്യവും; രാജ്യസ്വരൂപം വകയായി പ്രത്യേക വസ്തുവകകളും ഉണ്ടായിരുന്നതിനും പുറമേ, വില്ലാർവട്ടത്ത് കുറുപ്പ്, വില്ലാർവട്ടത്ത് പണിക്കർ, വില്ലാർവട്ടത്ത് കൈമൾ, വില്ലാർവട്ടത്ത് കർത്താവ് എന്നീ പ്രകാരം സ്ഥാനികളായ ഏതാനും മാടമ്പി കുടുംബങ്ങളും നിലനിന്നിരുന്നു. പോർച്ചുഗീസുകാർ



മായിരുന്നു ആ രാജാവിനുണ്ടായിരുന്നത് എന്നാണ് അനുമാനം.

വില്ലാർവട്ടം എന്ന വംശത്തിന്റെ ഉത്ഭവത്തെപ്പറ്റിയും ചരിത്രകാരന്മാർ ഏകാഭിപ്രായക്കാരല്ല. ഏതാനും ദ്വീപസമൂഹത്തിന്റെ ഭരണാധികാരികൾ എന്ന നിലയിൽ രാജവംശത്തിന്റെ പേര് വെള്ളോർവട്ടം (വെള്ളം + ഊർ + വട്ടം) എന്നായിരിക്കണമെന്നും, ആയോധനാഭ്യാസ നിപുണർ എന്ന അർത്ഥത്തിൽ വില്യാർവട്ടമായിരിക്കാമെന്നും, അതല്ല ചേന്ദമംഗലത്തെ ചുറ്റി ഒഴുകുന്ന വില്ലിന്റെ ആകൃതിയിലുള്ള ആറ് ഒഴുകുന്ന പ്രദേശം എന്ന നിലയിൽ വില്ലാറുവട്ടം എന്നാകാമെന്നും അഭിപ്രായപ്പെടുന്നവരുമുണ്ട്. ഏതായാലും അതൊരു ക്രൈസ്തവ രാജവംശമായിരുന്നു എന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞതാണ്.

ആദ്യമായി കേരളത്തിൽ വന്നിറങ്ങിയ കാലത്ത് വില്ലാർവട്ടം രാജവംശം അന്യംനിന്നു പോയിരുന്നു. ഇങ്ങനെ അന്യംനിന്നു പോയവർ നേരത്തെ കണ്ട മാടമ്പിമാരിൽ ഏതെങ്കിലും ഒരു കുടുംബമോ വംശമോ ആയിരിക്കില്ലേ? ആയിരിക്കാമെന്ന ചിന്ത യുക്തിസഹമാകുമ്പോൾ, ആ മാടമ്പി വംശം എങ്ങനെ ക്രിസ്ത്യാനികളായി? എന്നു ക്രിസ്ത്യാനികളായി? എന്ന ചോദ്യം ഉയരുമല്ലോ? വില്ലാർവട്ടം രാജവംശത്തിന്റെ ശരിയായ സ്ഥാനമോ ആ രാജസീമകൾക്കുള്ളിൽ ഉൾപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളോ ആ രാജ്യത്തിന്റെ തലസ്ഥാനമോ ഏതെന്നും എവിടെയെന്നും - ചേന്ദമംഗലം എന്നും ഉദയംപേരൂർ എന്നും ചരിത്രാന്വേഷികൾ പറയുന്നതു മറന്നുകൊണ്ടല്ല-കൃത്യമായി നിർണ്ണയിക്കുന്നതിനുള്ള ലക്ഷ്യങ്ങൾ സുലഭമല്ല. എങ്കിലും എ.ഡി ഒന്നാം ശതകത്തിൽ കേരളത്തിന്റെ പശ്ചിമ തീരത്തോടു ചേർന്ന് ഉണ്ടായിരുന്ന ദ്വീപസമൂഹങ്ങളുടെ ആധിപത്യ

കേരളത്തിൽ ഒരു ക്രിസ്തീയ രാജവംശം ഉണ്ടായിരുന്നുവെന്ന് അംഗീകരിക്കെത്തന്നെ ഇവിടുത്തെ ഏതെങ്കിലും ഒരു നാട്ടുപ്രമാണിയോ മാടമ്പിയോ ആയിരിക്കണമല്ലോ ആ രാജവംശത്തിനു നേതൃത്വം കൊടുത്തിരിക്കുക. ഏതാനും സ്ഥാനികളായ മാടമ്പി കുടുംബങ്ങളെ മുൻഭാഗങ്ങളിൽ നാം കാണുകയുണ്ടായി. അവർ ദ്വീപസമൂഹങ്ങളുടെ അധികാരം ലഭിച്ചിരുന്ന (വെള്ളം + ഊർ + വട്ടം) അധികാരികൾ തന്നെയായിരിക്കണം, വില്ലാർവട്ടം രാജവംശത്തിന്റെ സ്ഥാപകർ. അവർ എങ്ങനെ ക്രിസ്ത്യാനികളായി? അവരുടെ ക്രിസ്തീയത്വം എന്തായിരുന്നു? എങ്ങനെയുള്ളതായിരുന്നു? നോക്കാം.

ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള വൃത്താന്തം; കേരളവുമായി വാണിജ്യബന്ധം പുലർത്തിയിരുന്ന തുർക്കികൾ, ജൂതന്മാർ, അറബികൾ ആദിയായവരിൽ നിന്നും കേര



ഞാൻ നിങ്ങളോടു പറയുന്നു: ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കുവിൻ.
മത്തായി 5 : 44

ളത്തിലും അറിയാൻ ഇടവന്നിട്ടുണ്ട്. യേശുവിന്റെ അവതാര സമയത്ത് ചില അത്ഭുതങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ? പ്രസ്തുത വിഷയങ്ങൾ കേട്ടറിയുകയാലും ജ്യോതിശാസ്ത്ര സംബന്ധമായി പൗരസ്ത്യർക്ക് പുരാതന കാലങ്ങളിൽ ഉണ്ടായിരുന്ന അനിതര സാധാരണമായ പരിജ്ഞാന ഫലമായും ആ വിശിഷ്ട ശിശുവിന്റെ ജനന സമയത്തെ ഗ്രഹനില പരിശോധിച്ചതിൽ അതൊരു അതൊരു അസാമാന്യ വൈശിഷ്ട്യങ്ങൾ ഉള്ള ശിശുവാണെന്നും ആ ശിശു വളർന്ന വരുമ്പോൾ ലോകരുടെ വിശ്വാസത്തിൽ വലുതായ പരിവർത്തനം വരുത്താൻ കരുത്തനായ ആദർശ പുരുഷനായിരിക്കുമെന്നും ആ പുണ്യപുരുഷന്റെ ആദർശങ്ങളും ഉദ്ബോധനങ്ങളും ലോകത്തെമ്പാടും മനുഷ്യമനസ്സുകളെ സ്വാധീനിക്കുമെന്നും ജ്യോതിഷവശാൽ ബോധ്യപ്പെട്ടതിനാലും ശിശുവായ യേശുവിനെ സന്ദർശിക്കുവാൻ ഉത്സുകരായി പൗരസ്ത്യ ദേശത്തുനിന്നും ബെത്ലഹേമിൽ എത്തിയതും അവർ യേശുവിനെ കണ്ടുവണങ്ങി വിശിഷ്ട വസ്തുക്കൾ കാഴ്ചവച്ച് മടങ്ങിയതും വിശുദ്ധ ഗ്രന്ഥത്തിൽ തന്നെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടല്ലോ. ബെത്ലഹേമിലെത്തി ഉണ്ണിയേശുവിനെ വണങ്ങി, കാഴ്ചകൾ സമർപ്പിച്ച രാജാക്കന്മാരിലൊരാൾ കേരളത്തിൽ നിന്നുള്ള ജ്യോതിഷ പണ്ഡിതനായിരുന്നു എന്നുള്ള ചിന്താധാരണ കഴിഞ്ഞ കാലങ്ങളിൽ പ്രചരിക്കപ്പെടുകയുണ്ടായിട്ടുണ്ട്. അതിപുരാതന കാലത്ത് ജ്യോതിശാസ്ത്ര ഗവേഷണ രംഗത്ത് കേരളത്തിലുണ്ടായിരുന്ന ആധികാരികതയുടെ പശ്ചാത്തലത്തിൽ ഈ ചിന്താധാരണ യുക്തിസഹമാണുതാനും.

യുക്തിസഹമായ ഈ ചിന്താധാരയുടെ പശ്ചാത്തലത്തിൽ നാം പൊതുവേ പൂജരാജാക്കൾ എന്ന് ആദരവോടെ പരിഗണിക്കപ്പെടുന്ന ഈ മൂവരിൽ ഒരാൾ കേരളത്തിന്റെ പശ്ചിമ തീരങ്ങളിൽ നിലനിന്നിരുന്ന വില്ലാർവട്ടം ദ്വീപ സമൂഹങ്ങളിലെ ഭരണകർത്താവായിരുന്നു എന്നത് അനുക്ത സിദ്ധം. ഇദ്ദേഹം ശിശുവായ യേശുവിനെ സന്ദർശിച്ച് വണങ്ങിയ നാൾ തൊട്ട് ക്രിസ്തുഭക്തനായി; ക്രിസ്തുവിൽ വിശ്വാസമർപ്പിച്ച് ശിഷ്ടജീവിതം നയിച്ചു എന്ന് അനുമാനിക്കപ്പെടുന്നു (കേരളമഹാചരിത്രം, കെ.എൻ ഗോപാലപിള്ളി പു. 106).

കേരളത്തിൽ ഒന്നാം നൂറ്റാണ്ടിൽ നിലനിന്നിരുന്നതായി നാം കണ്ടുകഴിഞ്ഞ സ്ഥാനികളായ മാടമ്പി കുടുംബങ്ങളിൽ ഒന്ന് - വില്ലാർവട്ടത്ത് കൈമളോ, കർത്താവോ, പണിക്കരോ, കുറുപ്പോ - ആയിരിക്കണം രാജാധികാരം സിദ്ധിച്ച് വില്ലാർവട്ട രാജവംശമായത്. അതിലൊരു അധിപനായിരിക്കണം ബെത്ലഹേമിൽ പോയി ഉണ്ണിയേശുവിന്റെ സവിധത്തിലെത്തി ആരാധിച്ച് കാഴ്ചകൾ അർപ്പിച്ച രാജാവ്! ആ രാജാവ് ശിഷ്ടകാലം യേശുഭക്തനായി ജീവിച്ചു എന്ന് ചിന്ത യുക്തിസഹവും സാകല്യവുമാണ്.

**ഗാമ നൽകുന്ന ഉറപ്പ്**

ബത്ലഹേമിലെത്തി ഉണ്ണിയേശുവിനെ ദർശിച്ച് ധന്യനായി മടങ്ങിയെത്തി യേശുഭക്തനായി ജീവിച്ച ആ ഭക്തന്റെ പിൻതലമുറയും മുൻഗാമിയിൽ നിന്നും ലഭിച്ച ധാരണയുടെ വെളിച്ചത്തിൽ ക്രിസ്തുവിന്റെ അമാനുഷമായ വൈഭവങ്ങളിലും നിസ്തുല ദർശനങ്ങളിലും മുറുകെപ്പിടിച്ച് ക്രിസ്തുവിൽ വിശ്വാസമർപ്പിച്ച് ജീവിച്ചിരിക്കണം. ആ ക്രിസ്തീയ രാജവംശം തന്നെയാണ് വില്ലാർവട്ടം ക്രിസ്തീയ രാജവംശം. ഈ ക്രിസ്തീയ രാജവംശത്തിന്റെ അന്ത്യം സംബന്ധിച്ച് ലഭ്യമായ രേഖകൾ ഇങ്ങനെയാണ്.

എ.ഡി 1500 നോട് അടുത്ത് കൃത്യമായി പറഞ്ഞാൽ 1450 ജനുവരി 2-ാം തിയ്യതി വില്ലാർവട്ടം രാജവംശത്തിലെ അവസാനത്തെ രാജാവ് അന്തരിച്ചു. ഉദയംപേരൂർ പള്ളിയിൽ നിന്നും കണ്ടെടുത്ത ഒരു പുരാതന ശിലയിൽ ആണ് ഇക്കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത രാജാവിന് മക്കൾ ഇല്ലാതിരുന്നതിനാൽ

രാജ്യവും രാജവംശം വക സ്വത്തുവഹകളും അധീശരാജാവായ കൊച്ചി മഹാരാജാവിന്റെ അധീനതയിൽ വന്നുചേരുകയും അങ്ങനെ ആ പുരാതന ക്രിസ്തീയ രാജവംശം നാമാവശേഷമാവുകയുമാണുണ്ടായത്.

അന്യംനിന്നുപോയ ആ ക്രിസ്തീയ രാജവംശത്തിന്റെ ചെങ്കോലും രാജപത്രികയുമാണ് കൊടുങ്ങല്ലൂരിൽ നിന്നും എത്തിയ സെന്റ് തോമസ് ക്രിസ്ത്യാനികൾ വാസ്കോ ഡി ഗാമയ്ക്ക് നൽകിക്കൊണ്ട്, തങ്ങളെത്തന്നെ അവരുടെ സംരക്ഷണത്തിൽ ഭരമേല്പ്പിച്ചത്. അതുവഴി സത്യവിശ്വാസത്തിലേക്കും റോമാസഭയിലേക്കും കേരളത്തിലെ ക്രിസ്ത്യാനികൾ പ്രവേശിപ്പിക്കപ്പെട്ടു എന്നതാണ് പ്രധാനം. ഒരു വെടിക്ക് രണ്ടു പക്ഷി എന്ന ചൊല്ലുപോലെ തന്നെ; സെന്റ് തോമസ് ക്രിസ്ത്യാനികൾ, തങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന വ്യാപാരപരവും സാമ്പത്തികവുമായ ചില പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കുവാൻ ഈ സന്ധിയും സൗഹൃദവും മൂലം കേരള ക്രിസ്ത്യാനികൾക്ക് ഭാഗ്യമുണ്ടായി. ഇതുമൂലം കേരള ക്രിസ്ത്യാനികളുടെ വ്യാപാര വിനിമയമങ്ങൾക്കും പോർച്ചുഗീസ് സംരക്ഷണം ലഭിക്കാൻ തുടങ്ങിയതായി ചരിത്രകാരനായ കെ.എൽ ബർണാർഡിന്റെ വാക്കുകളിൽ തന്നെ ഇവിടെ രേഖപ്പെടുത്താം. "പോർച്ചുഗീസുകാർ കേരളത്തിൽ വരുന്നതിനു മുമ്പ് വിദേശവ്യാപാരം അറബികളുടെ കുത്തകയായിരുന്നു. കർഷകരായിരുന്ന മാർ തോമാ ക്രിസ്ത്യാനികൾ അവരുടെ മലഞ്ചരക്കുകൾ വള്ളത്തിൽ കയറ്റി കൊല്ലം, കൊച്ചി, കോഴിക്കോട്, കണ്ണൂർ മുതലായ തുറമുഖങ്ങളിൽ കൊണ്ടുപോയി അവിടങ്ങളിലെ സ്ഥിരതാമസക്കാരായ മുസ്ലീം വ്യാപാരികൾക്ക് വിറ്റിരുന്നു. അവരാണ് ചരക്കുകൾ കൂടുതൽ വിലയ്ക്ക് അറബികൾക്ക് വിറ്റിരുന്നത്. ക്രിസ്ത്യാൻ കർഷകർക്ക് തുച്ഛമായ വിലയേ കിട്ടിയിരുന്നുള്ളൂ. അവർ കഠിനമായി ഞെരുക്കപ്പെട്ടിരുന്നു. കൊടുങ്ങല്ലൂരിൽ നിന്നും വന്ന ഈ നസ്രാണികൾ തങ്ങളുടെ പാരമ്പര്യവും പൈതൃകവും ഉറക്കെപ്പറഞ്ഞതിനൊപ്പം തങ്ങളുടെ അടിയന്തിരാവശ്യമായ വ്യാപാര സംരക്ഷണവും ഗാമയെ ധരിപ്പിക്കുക എന്നതം അവരുടെ ലക്ഷ്യം തന്നെയായിരിക്കണം.

"നിങ്ങളുടെ സകല ശത്രുക്കളുടെ കയ്യിൽ നിന്നും അതിക്രമങ്ങളിൽ നിന്നും ഉദ്ധരിക്കേണ്ടതിന് ദൈവം മേലാൽ ഇടവരുത്തും" എന്ന ഗാമയുടെ വാക്കുകളിൽ സർവ്വവിധ സംരക്ഷണവും സെന്റ് തോമസ് ക്രിസ്ത്യാനികൾ നേടിയെടുത്തു.

**സൂചകഗ്രന്ഥങ്ങൾ**


1. കൊച്ചീരാജ്യ ചരിത്രം - കെ.പി പത്മനാഭ മേനോൻ
2. ഇന്ത്യയിലെ പൗരസ്ത്യ ക്രിസ്ത്യാനികളുടെ കഥ - കാർഡിനൽ ടിസറന്റ്
3. കേരളസഭാചരിത്രം - മോൺ. ജി. വെളിപ്പറമ്പിൽ
4. അടിവേരുകൾ - ഡോ. ജോൺ ഓച്ചന്തുരുത്ത്
5. കൊച്ചിൻ സ്റ്റേറ്റ് മാനുവൽ
6. കേരളമഹാചരിത്രം - കെ.എൻ ഗോപാലപിള്ള
7. ദീപാർച്ചന - എൻ.ജെ ജോസഫ്
8. കേരള ക്രിസ്ത്യാനികൾ - എം. ഒ ജോസഫ്
9. ഉദയംപേരൂർ സൂനഹദോസ് - കെ.എൽ ബർണാഡ്
10. മാറ്റത്തിന്റെ മാറ്റൊലി - ഫാ. ജോർജ്ജ് അറക്കൽ
11. ഡോ. മെനെസ്സിസും സൂനഹദോസും - ഫാ. ജോൺ പള്ളത്ത് ഒ.സി.ഡി
12. ചേന്ദമംഗലം സൊസൈറ്റി സുവനീർ 1985


■



അവൻ അവരോട് അരുളിച്ചെയ്തു: ഇത് അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്.

മർക്കോസ് 14 : 24

കത്തോലിക്കാ സഭയെ
അറിയാം... പഠിക്കാം...

# കത്തോലിക്ക സഭയും ജൂബിലി വർഷവും



അനി ജോസഫ്, കൂട്ടുകാട്

**ക**ത്തോലിക്ക സഭ പാരമ്പര്യമനുസരിച്ച് വിശുദ്ധമായ ഒരു വർഷമായാണ് ജൂബിലി വർഷം ആചരിക്കപ്പെടുന്നത്. ദൈവം സഭയ്ക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുവാനും ആഘോഷിക്കാനുമുള്ള അവസരം കൂടിയാണ് ജൂബിലി വർഷം. 2024 ൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകിയ"പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (സ്പേസ് നോൺ കോൺഫുന്തിത്) എന്ന പേപ്പൽ ബൂള വഴി 2024 ഡിസംബർ 24 മുതൽ 2026 ജനുവരി 6 വരെയുള്ള ദിനങ്ങളാണ് ജൂബിലി വർഷമായി സഭ ആഘോഷിക്കുന്നത്.

കത്തോലിക്കാ സഭയിൽ ഔദ്യോഗികമായി ജൂബിലി ആഘോഷം തുടങ്ങിയത് 1300 ൽ ആണ്. ബോണിഫസ് എട്ടാമൻ പാപ്പയാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്. ഓരോ നൂറുവർഷങ്ങളിലും ജൂബിലി ആഘോഷിക്കാനായിരുന്നു ആദ്യ തീരുമാനമെങ്കിലും അധികം വൈകാതെ തന്നെ ഓരോ 50 വർഷങ്ങളിലും ജൂബിലി ആഘോഷം നടത്താൻ ക്ലമെന്റ് ആറാമൻ പാപ്പയും (1342-1352), ക്രിസ്തുവിന്റെ ജീവിതകാലം പോലെ ഓരോ മുപ്പത്തിമൂന്ന് വർഷങ്ങളിലും ജൂബിലി ആഘോഷിക്കാൻ ഉർബൻ ആറാമൻ പാപ്പയും (1378-1389) തീരുമാനമെടുത്തു. പിന്നീട് പതിനഞ്ചാം നൂറ്റാണ്ടിലാണ് ഓരോ 25 വർഷങ്ങളിലും ജൂബിലി ആഘോഷം നടത്താൻ 1470 ൽ അന്നത്തെ പാപ്പയായിരുന്ന പോൾ രണ്ടാമൻ പാപ്പ തീരുമാനമെടുത്തത്. അന്നുമുതൽ 25 വർഷം കൂടുമ്പോൾ ജൂബിലി ആഘോഷിക്കുന്ന പതിവാണ് സഭ പാലിച്ചു പോരുന്നത്.

ജൂബിലി വർഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചടങ്ങാണ് വിശുദ്ധ വാതിൽ തുറക്കുക എന്നത്. നിക്കോളസ് അഞ്ചാമൻ പാപ്പയുടെ (1447-1445) കാലത്താണ് ഈ ചടങ്ങ് തുടങ്ങിയത്. 2025ലെ ജൂബിലി വർഷത്തിന് തുടക്കമിട്ട് ഫ്രാൻസിസ് പാപ്പ റോമിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ പ്രധാന വാതിൽ (ജൂബിലി വാതിൽ) തുറന്നു. **'പ്രത്യാശയുടെ തീർത്ഥാടകർ'** എന്ന അർത്ഥവത്തായ ആപ്തവാക്യമാണ് ഫ്രാൻസിസ് പാപ്പ 2025 ലെ ജൂബിലി വർഷത്തിന് നൽകിയിരിക്കുന്നത്. ജൂബിലി വർഷം എന്നാൽ തീർത്ഥാടനങ്ങൾ നടത്താനും, ആഘോഷിക്കാനും, നന്മ ചെയ്യാനും മാത്രമല്ല ദൈവത്തിന്റെ കരുണയെ ഹൃദയപൂർവ്വം സ്വീകരിക്കാനും വേണ്ടിയാണ്.

വിശ്വാസിയുടെ പ്രഖ്യാപനം എത്തിനിൽക്കുന്നത് പ്രസ്താവങ്ങളിലല്ല, യാഥാർത്ഥ്യങ്ങളിലാണ്. എന്നിരുന്നാലും പ്രസ്തുത യാഥാർത്ഥ്യങ്ങളെ നമ്മൾ സമീപിക്കുന്നത് വിശ്വാസ സംബന്ധമായ തത്വ പ്രസ്താവങ്ങളുടെ സഹായത്തോടെയാണ്. നമ്മുടെ വിശ്വാസം പ്രകടമാക്കുന്നതിനും പകർന്നു കൊടുക്കുന്നതിനും സമൂഹത്തിന് ആഘോഷിക്കുന്നതിനും അതിനെ സാംശീകരിച്ച് ജീവിതത്തിൽ അത് ഉപര്യുപരി പ്രാവർത്തികമാക്കുന്നതിനും ഇവ സഹായിക്കുന്നു (CCC - 170).

■



## അയൽക്കൂട്ടം

**ലൂക്ക 2 : 22 - 40**

# യേശുവിന്റെ സമർപ്പണവും ജൂബിലി വർഷവും



**ഫാ. ഷിബിൻ കൂളിയത്ത്**

**വി**ശുദ്ധ ലൂക്കായുടെ സുവിശേഷം രണ്ടാം അധ്യായം 22 മുതൽ 40 വരെയുള്ള ഭാഗത്ത് യേശുവിനെ ദേവാലയത്തിൽ സമർപ്പിക്കുന്നത് നാം വായിച്ച് മനസ്സിലാക്കുന്നു. ഈ സംഭവം ക്രിസ്തീയ വിശ്വാസത്തിൽ വളരെ വലിയ പ്രാധാന്യമുള്ള ഒരു സംഭവമാണ്. യേശുവിന്റെ ജനനത്തിനുശേഷം 30 ദിവസങ്ങൾ കഴിഞ്ഞപ്പോൾ മോശയുടെ നിയമപ്രകാരം മറിയവും യൗസേപ്പും യേശുവിനെ ജെറുസലേമിലെ ദേവാലയത്തിൽ സമർപ്പിച്ചു. ഇത് അവരുടെ വിശ്വാസത്തിന്റെ ആഴവും ദൈവത്തോടുള്ള അനുസരണവും പ്രകടമാക്കുന്നു. മോശയുടെ നിയമപ്രകാരം കടിഞ്ഞൂൽ പുത്രനെ ദൈവത്തിന് സമർപ്പിക്കേണ്ടതുണ്ട്. ഈ നിയമം അനുസരിച്ചാണ് മാതാവായ മറിയവും യൗസേപ്പും കുഞ്ഞ് യേശുവിനെ ജെറുസലേമിലെ ദേവാലയത്തിൽ കൊണ്ടുപോയി ദൈവത്തിന് സമർപ്പിക്കുന്നത്. ഈ സംഭവത്തിൽ ദൈവഭക്തിയുള്ളവനും ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവനുമായ ശിമയോൻ യേശുവിനെ കാണാൻ ദേവാലയത്തിൽ എത്തുന്നു. യേശുവിനെ കണ്ടപ്പോൾ അദ്ദേഹം ദൈവത്തിന് സ്തുതികൾ അർപ്പിച്ചുകൊണ്ട് എന്റെ കണ്ണുകൾ നിന്റെ രക്ഷയെ കണ്ടിരിക്കുന്നു എന്ന് ലോകത്തോട് മുഴുവനുമായി പ്രഘോഷിക്കുകയാണ്. ഈ സംഭവത്തിൽ ശിമയോൻ യേശുവിൽ ലോകത്തിന്റെ രക്ഷകനെ ദർശിക്കുകയാണ്. അന്ന എ പ്രവാചികയും ദേവാലയത്തിൽ ഉണ്ടായിരുന്നു. അവൾ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ ദൈവത്തിന്റെ വരവിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. താൻ ദർശിച്ച യേശുവിനെക്കുറിച്ച് അവൾ അവൾക്കു ചുറ്റുമുള്ള എല്ലാവരോടും പ്രഘോഷിച്ചു.

യേശുവിന്റെ സമർപ്പണം മനുഷ്യരാശിയുടെ രക്ഷയ്ക്ക് വേണ്ടിയുള്ള ദൈവീക പദ്ധതിയിൽ ഒരു നിർണായക ഘടകം ആയിരുന്നു. അതിൽ ദൈവത്തിന്റെ കരുണയും മനുഷ്യരോടുള്ള സ്നേഹവും പ്രതിഫലിക്കുന്നു. ദൈവത്തിന്റെ നിയമങ്ങൾ അനുസരിക്കുന്ന മറിയവും യൗസേപ്പും വിശ്വാസത്തിന്റെ ഉത്തമ മാതൃകകളായി മാറുന്നു. വിശ്വാസത്തോടും പ്രാർത്ഥനയോടും പ്രതീക്ഷയോടും കൂടെ ദൈവത്തെ ദർശിക്കുന്ന ശിമയോനും അന്നയും വരാനിരിക്കുന്ന രക്ഷയുടെ ആദ്യ പ്രഘോഷകരായി മാറുന്നു.

2025 ലെ ജൂബിലി വർഷം കത്തോലിക്കാ സഭയ്ക്ക് ഒരു ആത്മീയ പുനരുദ്ധാരണത്തിന്റെയും കൃപയുടെയും വർഷമാണ്. ജൂബിലി വർഷം വിശ്വാസികൾക്ക് ദൈവത്തോടുള്ള ബന്ധം ശക്തിപ്പെടുത്താൻ, കരുണയും സമാധാനവും പ്രചരിപ്പിക്കാൻ, സാമൂഹിക നീതിയോടൊപ്പം ആത്മീയത വളർത്താൻ ഉള്ള അവസരമാണ്. ലേവി പുസ്തകം 25-ാം

അധ്യായം 10-ാം തിരുവചനത്തിൽ ജൂബിലി വർഷം ഒഴിച്ചുവിടലിന്റെയും പുനഃർസ്ഥാപനത്തിന്റെയും സമയമായിട്ടാണ് അവതരിപ്പിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ദൈവത്തിലേക്ക് തിരിച്ചുവരാനും ദൈവത്തിന് നിരക്കാത്തത് ജീവിതത്തിൽ നിന്ന് ഒഴിച്ചുനിർത്താനുമുള്ള ഒരു അവസരമായി ജൂബിലി വർഷം മാറുന്നു.

യേശുവിന്റെ ദേവാലയ സമർപ്പണവും ജൂബിലി വർഷവും ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ ഒരുമിച്ച് ഒരതുല്യമായ സന്ദേശം നൽകുന്നു. യേശുവിന്റെ സമർപ്പണം ദൈവത്തോടുള്ള സമർപ്പണത്തിന്റെ ഉദാഹരണമാണ്. ജൂബിലി വർഷത്തിൽ ഈ സമർപ്പണം മനുഷ്യന്റെ ആത്മീയ ജീവിതത്തിൽ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. ദൈവത്തോടുള്ള നന്ദിയും ദൈവത്തിന്റെ കരുണയും പങ്കുവയ്ക്കുന്ന ജീവിതങ്ങളായി നമ്മുടെ ജീവിതങ്ങൾ മാറണമെന്ന് ജൂബിലി വർഷം നമ്മോട് ആഹ്വാനം ചെയ്യുന്നു. ഈ ജൂബിലി വർഷം സഭയുടെ ആത്മീയതയുടെയും സാമൂഹിക നീതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെയും ഒരു നവീകരണ കാലമായി മാറണം.

പിൽഗ്രിംസ് ഓഫ് ഹോപ്പ് എന്ന പ്രമേയം അവതരിപ്പിച്ചു കൊണ്ട് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും തീർത്ഥാടകരായ വിശ്വാസികളെ ആത്മീയ നവീകരണത്തിലേക്ക് ക്ഷണിക്കുകയാണ് ഈ ജൂബിലി വർഷം. യേശുവിന്റെ സമർപ്പണം ദൈവത്തോടുള്ള അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും പ്രതീകമാണ്. ജൂബിലി വർഷവും, സമർപ്പണത്തിന്റെ ഈ ആത്മാവിനെ നവീകരിക്കാനും വിശ്വാസികൾ ദൈവത്തോട് കൂടുതൽ അടുപ്പം നേടുന്നതിനും സമൂഹത്തിലെ നീതി, സമാധാനം, കരുണ എന്നിവ വളർത്തുന്നതിനും പ്രേരിപ്പിക്കുന്നു.

**പ്രവർത്തനത്തിന് :**

1. *2025 ലെ ജൂബിലി വർഷത്തിൽ വിശ്വാസികളുടെ ആത്മീയ നവീകരണത്തിനുള്ള പ്രവർത്തനങ്ങൾ:*

   *ദൈവത്തോടുള്ള ബന്ധം മെച്ചപ്പെടുത്താൻ സഭ സ്വീകരിക്കേണ്ട ആത്മീയ പ്രവർത്തനങ്ങൾ, ശുശ്രൂഷകൾ, സാമൂഹ്യ സേവന പ്രവർത്തനങ്ങൾ എിവയെക്കുറിച്ച് ചർച്ച ചെയ്യുക.*

2. *യേശുവിന്റെ സമർപ്പണത്തിന്റെ മാതൃകയെ അടിസ്ഥാനമാക്കി സഭയുടെ സാമൂഹിക ഉത്തരവാദിത്വം:*

   *ദരിദ്രർക്കും ദുർബലർക്കുമായി സഭയും വിശ്വാസികളും സ്വീകരിക്കേണ്ട കരുണയും സേവന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയുള്ള പദ്ധതികളെക്കുറിച്ച് ചർച്ച നടത്തുക.*

**ചർച്ചയ്ക്ക് :**

1. *ജൂബിലി വർഷത്തിൽ ദൈവത്തോടും സഹജരോടും കൂടുതൽ അടുത്ത് ജീവിക്കുവാൻ നാം എന്ത് പ്രവർത്തിക്കണം?*
2. *ജൂബിലി വർഷത്തിൽ ആത്മീയ നവീകരണ പ്രവർത്തനങ്ങൾ ഏവ? എങ്ങനെ നടപ്പിലാക്കാൻ സാധിക്കും?*

■

**ഫാമിലി അപ്പസ്തോലേറ്റിന്റെ ഫെബ്രുവരി മാസത്തെ പരിപാടികൾ**

**7,8 &9 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**9-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)

KOTTAPURAM DIOCESAN GAZZETTE
കോട്ടപ്പുറം രൂപത ഗസറ്റ്
Vol. XIX January 21, 2025 No.1

# CURIA NOTIFICATION No. 01/25

## അൾത്താര, വചനപീഠം, തിരുവസ്ത്രങ്ങൾ

### അൾത്താര

1. വൃത്തിയായും ഭംഗിയായും സൂക്ഷിക്കണം.
2. അൾത്താര കഴിവതും ശൂന്യമായിരിക്കണം.
3. വെളുത്ത വിരി അൾത്താരമേൽ ഇട്ടിരിക്കണം.
4. പൂക്കളും തിരികളും വയ്ക്കരുത്, സ്റ്റാൻഡിൽ വയ്ക്കുക.
5. അൾത്താര ഭാഗത്ത് ഒരു കുരിശു മാത്രമേ ഉണ്ടാകാൻ പാടുള്ളൂ. അൾത്താര ഭാഗത്ത് (Sanctuary) കുരിശ് ഒന്നും ഇല്ലെങ്കിൽ അൾത്താരയിൽ കുരിശ് വയ്ക്കുക. കുരിശു ജനത്തിന് അഭിമുഖം ആയിരിക്കണം.
6. അൾത്താരയ്ക്ക് ഗാർണിച്ചർ ഇടുന്നെങ്കിൽ തിരുവസ്ത്രത്തിന്റെ നിറം തന്നെ ആയിരിക്കണം. സക്രാരി വിരിയും ഗ്ലോബുകളും ആ നിറം തന്നെ ആയിരിക്കുന്നത് നല്ലതാണ്. അല്ലെങ്കിൽ വെള്ള നിറം ഉപയോഗിക്കുക. മഹോത്സവ ദിനങ്ങളിൽ വിവിധ വർണ്ണങ്ങൾ ചേർന്നുള്ളതും ഉപയോഗിക്കാം.

### വചനപീഠം

വചന വായനയും സുവിശേഷ പ്രസംഗവും നിർബന്ധമായും വചന പീഠത്തിൽ ആയിരിക്കണം നടത്തേണ്ടത്.

### തിരുവസ്ത്രങ്ങൾ

കാർമ്മികൻ ബലിയർപ്പണത്തിനായി തിരുവസ്ത്രങ്ങൾ (Alb, Cincture, Stole, Chasuble) പൂർണമായും ധരിക്കേണ്ടതാണ് ആരാധനക്രമ കാലഘട്ടത്തിനനുസരിച്ചുള്ള നിറത്തിലുള്ള ഇവമൗെയഹല മാത്രമേ ഉപയോഗിക്കാവൂ.

### അല്ലേലുയ്യ, പ്രതിവചന സങ്കീർത്തനം

1. പ്രതിവചന സങ്കീർത്തനം പാടുകയോ ചൊല്ലുകയോ ആകാം. അത് സങ്കീർത്തന ഭാഗം തന്നെ ആയിരിക്കണം. പ്രതിവചനം ഉപയോഗിക്കണം. സങ്കീർത്തനവും സുവിശേഷപ്രഘോഷണവാക്യവും രണ്ടായിരിക്കണം.
2. അല്ലേലുയ പാടുകയും ചൊല്ലുകയും ആകാം. അല്ലേലുയയോട് കൂടിയ ഗാനം ആലപിച്ചാൽ പിന്നെ സുവിശേഷപ്രഘോഷണ വാക്യം വായിക്കേണ്ടതില്ല. ആ സമയത്ത് ജനം എഴുന്നേറ്റു നിൽക്കണം. തപസ്സുകാലത്ത് അല്ലേലുയ്യ ഇല്ലാത്ത സുവിശേഷ ഗീതമാണ് പാടേണ്ടത്.
3. മരിച്ചവർക്ക് വേണ്ടിയുള്ള ദിവ്യബലിയിൽ സുവിശേഷപ്രഘോഷണ വാക്യത്തിന്റെ സ്ഥാനത്ത് സങ്കീർത്തനം ആലപിക്കാൻ പാടുള്ളതല്ല. ആരാധനക്രമ കാലത്തിനനുസരിച്ച് അല്ലേലുയ്യ ആലപിക്കുകയും സുവിശേഷപ്രഘോഷണ വാക്യം വായിക്കുകയും ചെയ്യേണ്ടതാണ്.
4. ദിവ്യബലി അർപ്പണത്തിൽ ദിവ്യപൂജഗ്രന്ഥത്തിൽ (Missal) കൊടുത്തിരിക്കുന്ന ടെക്സ്റ്റുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. കൂട്ടിച്ചേർക്കുവാനോ ഒഴിവാക്കുവാനോ പാടുള്ളതല്ല. കുർബാനക്കിടയ്ക്ക് അനാവശ്യമായ കമന്ററികളും പ്രസംഗവും ഒഴിവാക്കുക.
5. ദിവ്യബലി മധ്യേ ദിവ്യകാരുണ്യം തിരുവോസ്തിയുടെ രൂപത്തിൽ മാത്രമേ കൊടുക്കാൻ പാടുള്ളൂ. എല്ലാദിവസവും ദിവ്യകാരുണ്യം ഡബിൾ സ്പീഷിസിൽ കൊടുക്കുന്നത് ഒഴിവാക്കേണ്ടതാണ്. പ്രത്യേക അവസരങ്ങളിൽ മാത്രം ദിവ്യകാരുണ്യം ഡബിൾ സ്പീഷിസിൽ കൊടുക്കുവാൻ പാടുള്ളൂ (ആദ്യകുർബാന സ്വീകരണം, വിവാഹം, സ്ഥൈര്യലേപനം). ദിവ്യകാരുണ്യം കൊടുക്കുമ്പോൾ തിരുവോസ്തിയുടെ പൊടിയോ ഭാഗങ്ങളോ നിലത്ത് വീഴാതിരിക്കുവാൻ പാത്രങ്ങൾ (Communion Paten) ഉപയോഗിക്കേണ്ടതാണ്.

## Notification No. 2 /2025

### അനാവശ്യമായ ആഘോഷങ്ങൾ

1. അനാവശ്യമായ ആഘോഷങ്ങൾ ഒഴിവാക്കേണ്ടതാണ്. പ്രത്യേകിച്ച് ആരാധനക്രമങ്ങളുടെ ഭാഗമല്ലാത്ത ആഘോഷങ്ങൾ.
2. ശ്രാദ്ധം, ഒക്ടോബർ മാസത്തിലെ ഭവനങ്ങളിൽ വച്ച് നടത്തുന്ന ജപമാലയുമായി ബന്ധപ്പെട്ട ആഡംബര പൂർണമായ ആഘോഷങ്ങൾ എന്നിവ പാടുള്ളതല്ല.
3. ഇടവക തിരുനാളിന്റെ ചെലവിന്റെ അഞ്ചു മുതൽ 10 ശതമാനം ഇടവകയുടെ വികസന പ്രവർത്തനങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ്, മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി മാറ്റിവയ്ക്കേണ്ടതാണ്.

### തിരുകർമ്മങ്ങളുടെ മാറ്റം

1. തിരുകർമ്മങ്ങളുടെ സമയക്രമത്തിൽ മാറ്റം വരുത്തുകയോ പുതിയത് ആരംഭിക്കുകയോ നിലവിലുള്ളത് നിർത്തലാക്കുകയോ ചെയ്യുമ്പോൾ കുരിയായിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ്.
2. ദൈവാലയങ്ങളിൽ പുതിയ നേർച്ചകളും ഭക്താഭ്യാസങ്ങളും ആരംഭിക്കുമ്പോൾ കുരിയായിൽ നിന്നും അനുവാദം വാങ്ങേണ്ടതാണ്.

## Notification No. 3 /2025

### കുർബാന നിയോഗങ്ങൾ

#### കാനോൻ നിയമം

**കാനോൻ 947**: കുർബാന കാണിക്കകളിൽ നിന്ന് ക്രയവിക്രയത്തിന്റെയും കച്ചവടത്തിന്റെയും ലാഞ്ചന പോലും അപ്പാടെ ഒഴിവാക്കേണ്ടതാണ്.

**കാനോൻ 948**: നിയോഗങ്ങൾക്ക് വേണ്ടിയുള്ള കാണിക്കകൾ ചെറുതാണെങ്കിൽ പോലും നൽകുകയും സ്വീകരിക്കുകയും ചെയ്തിട്ടുള്ള ഓരോരുത്തർക്കുംവേണ്ടി വെവ്വേറെ ദിവ്യബലികൾ നിയോഗിച്ചർപ്പിക്കേണ്ടതാണ്.

**കാനോൻ 949**: കാണിക്ക നൽകിയിട്ടുള്ളവർക്ക് വേണ്ടി ദിവ്യബലി അർപ്പിക്കുവാനും അത് കാഴ്ചവയ്ക്കുവാനും കടമയുള്ള വ്യക്തി തന്റേതല്ലാതെയുള്ള വീഴ്ചയാൽ സ്വീകരിച്ച കാണിക്ക നഷ്ടപ്പെട്ടാൽ പോലും ആ കടമ ചെയ്യാൻ ബാധ്യസ്ഥനാണ്

**കാനോൻ 956**: ഭക്തിപരമായ കാര്യങ്ങളുടെ ഭരണകർത്താക്കളെല്ലാവരും ഓരോരുത്തരും അഥവാ ദിവ്യബലി അർപ്പിക്കാൻ ഏതെങ്കിലും വിധത്തിൽ കടപ്പെട്ടവർ ഒരു വർഷത്തിനുള്ളിൽ അവരുടെ സഭാധികാരികൾ നിശ്ചയിച്ചിട്ടുള്ള രീതിയിൽ അർപ്പിച്ചു തീർക്കാത്ത ദിവ്യബലിയുടെ ബാധ്യതകൾ സഭാധികാരികളെ ഏൽപ്പിക്കേണ്ടതാണ്

ആ ഇടവക വികാരിക്ക് അതുപോലെ ദിവ്യബലിയുടെ കാണിക്കകൾ സാധാരണമായി സ്വീകരിക്കുന്ന ദേവാലയത്തിന്റെയോ മറ്റു ഭക്ത സ്ഥലത്തിന്റെയോ റെക്ടർക്ക് ദിവ്യബലികളുടെ എണ്ണം, നിയോഗം, നൽകപ്പെട്ട കാണിക്ക, അർപ്പിച്ച് നിറവേറ്റിയ ദിവ്യബലികൾ എന്നിവ കൃത്യമായി കുറിച്ചുവയ്ക്കാനുള്ള പ്രത്യേക പുസ്തകം ഉണ്ടായിരിക്കേണ്ടതാണ്.

**കോട്ടപ്പുറം രൂപത നിയമം** (cfr: കോട്ടപ്പുറം രൂപത നിയമങ്ങളും മാർഗ്ഗരേഖകളും നമ്പർ 8.3.3 p.80)

- ദിവ്യബലി അർപ്പിക്കാനും മറ്റു തിരുക്കർമ്മങ്ങൾ നടത്താനുമായി ജനങ്ങൾ വൈദികരെ ഏൽപ്പിക്കുന്ന പണം ഏറ്റവും ഉത്തരവാദിത്വത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ദാതാവിന്റെ നിയോഗവും വ്യവസ്ഥയും അനുസരിച്ച് കർമ്മാദികൾ നടത്തണം. എല്ലാ വൈദികർക്കും മാസ്സ് ഡയറി ഉണ്ടായിരിക്കണം. ഏൽപ്പിക്കുകയും ചൊല്ലുകയും ചെയ്യുന്ന കുർബാനയുടെ വിവരം ഈ പുസ്തകത്തിലെ പ്രത്യേക കോളങ്ങളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും വാർഷിക ധ്യാന അവസരത്തിൽ പരിശോധനയ്ക്കായി ഹാജരാക്കുകയും വേണം.
- നൂറിൽ കൂടുതലുള്ള നിയോഗങ്ങൾ രൂപത കച്ചേരിയിൽ ഏൽപ്പിക്കണം. മറ്റു വൈദികർക്ക് നൽകാൻ പാടില്ല. കുർബാനയ്ക്കും മറ്റു തിരുകർമ്മങ്ങൾക്കുമുള്ള പണം ജനങ്ങളിൽ നിന്ന് വൈദികർ തന്നെ നേരിട്ട് സ്വീകരിക്കേണ്ടതാണ്. സ്വീകരിക്കുന്ന പണത്തിന്റെ രസീത് നൽകേണ്ടതാണ്.

**മുകളിൽ സൂചിപ്പിച്ച കാനോൻ നിയമത്തിന്റെയും രൂപത നിയമത്തിന്റെയും അടിസ്ഥാനത്തിൽ രൂപതയിലെ എല്ലാ ദേവാലയങ്ങളിലും താഴെ പറയുന്നവ പാലിക്കപ്പെടേണ്ടതാകുന്നു:**

1. നിയോഗങ്ങൾക്ക് വേണ്ടി പണം നൽകുന്ന വ്യക്തികളുടെ ഓരോ നിയോഗത്തിനും വേണ്ടി വെവ്വേറെ ദിവ്യബലികൾ നിയോഗിച്ചർപ്പിക്കേണ്ടതാണ്.
2. ഇടവകയിൽ ഒരു ദിവ്യബലിയിൽ ഒന്നിൽ കൂടുതൽ പണം സ്വീകരിക്കുന്ന ദേവാലയങ്ങൾ ആ വർഷത്തിൽ തന്നെ സ്വീകരിച്ച മുഴുവൻ നിയോഗങ്ങൾക്കും വേണ്ടി വെവ്വേറെ ദിവ്യബലികൾ അർപ്പിക്കണം. അങ്ങനെ ചെയ്യാൻ സാധിക്കാതെ വരുന്ന അവസ്ഥയിൽ ഒരു ദിവ്യബലിയിൽ ഒരു നിയോഗത്തിന്റെ പണം എന്ന നിരക്കിൽ എടുത്ത് മറ്റെല്ലാ നിയോഗങ്ങളുടെയും പൂർണമായ തുക രൂപതയിൽ ഏൽപ്പിക്കേണ്ടതാണ്.
3. കൂടുതൽ വരുന്ന കുർബാന നിയോഗങ്ങൾ ദിവ്യബലി അർപ്പിച്ച് കാഴ്ചവെക്കുന്നതിന് വേണ്ടി മറ്റു വൈദികർക്ക് നൽകാൻ പാടില്ല.
4. ഓരോ ദേവാലയത്തിലും ദിവ്യബലികളുടെ എണ്ണം, നിയോഗം, നൽകപ്പെട്ട കുർബാന, അർപ്പിച്ചു നിറവേറ്റിയ ദിവ്യബലികൾ എന്നിവ കൃത്യമായി രേഖപ്പെടുത്തുവാനുള്ള പ്രത്യേക രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതാണ്.
5. ഇടവകയിൽ ആത്മകാര്യത്തിനായി നൽകിയിട്ടുള്ള കുർബ്ബാനകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും അർപ്പിച്ചുവെന്നു വികാരിമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

### ഗ്രിഗോറിയൻ മാസ്സ് (Gregorian Mass)

- മരിച്ചവിശ്വാസിയുടെ ആത്മശാന്തിക്ക് വേണ്ടിയാണ് ഗ്രിഗോറിയൻ മാസ്സ് ചൊല്ലുന്നത്.
- ഗ്രിഗോറിയൻ മാസ്സ് ചൊല്ലുന്ന വൈദികൻ ആ നിയോഗത്തിനായി തുടർച്ചയായി 30 ദിവസങ്ങളിൽ ദിവ്യബലിയർപ്പിക്കേണ്ടതാണ്.
- 2025 ജനുവരി 1 മുതൽ ഗ്രിഗോറിയൻ മാസ്സ് അർപ്പിക്കുന്നതിന് **10,000** രൂപ ആയിരിക്കും

## Bination Mass for Kottapuram Priests' Soceity

പ്രീസ്റ്റ് സൊസൈറ്റിയുടെ നിയോഗത്തിനായി Bination മാസ്സ് അർപ്പിക്കുന്ന വൈദികർ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്

1. ഒരു ദിവസത്തിൽ അർപ്പിക്കുന്ന രണ്ടാമത്തെ ദിവ്യബലിക്ക് മറ്റു നിയോഗങ്ങൾ ഇല്ലായെങ്കിൽ ആ ദിവ്യബലി പ്രീസ്റ്റ് സൊസൈറ്റിയുടെ നിയോഗമായി അർപ്പിക്കാവുന്നതാണ്.
2. ഒരു ദിവസത്തിൽ അർപ്പിക്കുന്ന രണ്ടാമത്തെ ദിവ്യബലിയിൽ സഹകാർമികനായി പങ്കുചേരുമ്പോൾ മറ്റു നിയോഗങ്ങൾ വയ്ക്കുന്നില്ലായെങ്കിൽ പ്രീസ്റ്റ് സൊസൈറ്റി യുടെ നിയോഗത്തിനായി അർപ്പിക്കാവുന്നതാണ്. എന്നാൽ ശ്രേുലിറ വാങ്ങുന്നുണ്ടെങ്കിൽ പ്രീസ്റ്റ് സൊസൈറ്റിയുടെ നിയോഗമായി കണക്കാക്കാൻ പാടില്ല.

## Notification No. 4 /2025

### ഇടവക ബഡ്ജറ്റ്

ജനുവരി ഫെബ്രുവരി മാസങ്ങളിൽ ഇടവകയുടെ ബഡ്ജറ്റ് തയ്യാറാക്കി അതിന്റെ കോപ്പി മാർച്ച് 15ന് മുൻപായി കുരിയായിൽ ഏൽപ്പിക്കേണ്ടതാണ്.

## Notification No. 5 /2025

### ആത്മഹത്യ ചെയ്യുന്നവരുടെ മൃതസംസ്കാരം

1. ജീവൻ ദൈവത്തിന്റെ ദാനമാണ്. ആ ജീവൻ തിരിച്ചെടുക്കാൻ അതിന്റെ ദാതാവിന് അല്ലാതെ മനുഷ്യന് അവകാശം ഇല്ലാത്തത് ആകുന്നു. 1973 മാർച്ച് ഇരുപതാം തീയതി വിശ്വാസ സംരക്ഷണ തിരുസംഘത്തിൽ നിന്ന് ലഭിച്ച നിർദ്ദേശം ഇതാണ്: ആത്മഹത്യ ചെയ്യുന്നത് പൂർണ്ണ ബോധത്തോടെ ആകുവാൻ സാധ്യതയില്ലാത്തതിനാലും അത് നിർണയിക്കാൻ മനുഷ്യന് അസാധ്യമായതിനാലും അവർക്ക് ലളിതമായ ക്രിസ്തീയ ശവസംസ്കാരം നൽകാവുന്നതാണ്.
2. ആത്മഹത്യ ചെയ്ത വ്യക്തിയുടെ ഭവനത്തിൽ പുരോഹിതൻ പോകാതിരിക്കരുത്. നിർഭാഗ്യകരമായ ഒരു മരണം സംഭവിച്ച ആ കുടുംബത്തോട് എല്ലാവർക്കും സഹാനുഭൂതി ഉണ്ടാകണം. പൊതു

വായ ഉതപ്പിന് കാരണമാക്കുന്ന മോടിയേറിയ ശവസംസ്കാരത്തിന് അവസരം ഒരുക്കരുത്.

3. ആത്മഹത്യ ചെയ്തവർക്ക് ലളിതമായ ക്രിസ്തീയ ശവസംസ്കാരമാണ് നടത്തേണ്ടത്. പഴയ മൃതസംസ്കാര കർമ്മം അനുസരിച്ച് കർമ്മങ്ങൾ നടത്തേണ്ടതും ഗാനം ഒഴിവാക്കേണ്ടതുമാണ്.
4. വിലാപയാത്രയിൽ വൈദികൻ നിശബ്ദമായി പ്രാർത്ഥിച്ചുകൊണ്ട് മൃതദേഹത്തെ അനുഗമിക്കേണ്ടതാണ്. ഗാനങ്ങൾ ആലപിക്കുന്നില്ല. വെള്ളിക്കുരിശ്, കൊബ്രേരിയ എന്നിവ പ്രദിക്ഷണത്തിന് അനുവദനീയമല്ല.
5. മൃതസംസ്കാരത്തിന് ദിവ്യബലി അനുവദനീയമല്ല
6. ആത്മഹത്യ ചെയ്ത ആളുടെ ഏഴാം ചരമദിനം തികച്ചും ലളിതമായിരിക്കണം. ദിവ്യബലിക്ക് ഒരു വൈദികനിൽ കൂടുതൽ അനുവദനീയമല്ല.
7. ആത്മഹത്യയാണെങ്കിലും അപകടമരണമാണെങ്കിലും പോലീസിന്റെ അന്വേഷണവും പോസ്റ്റുമോർട്ടവും നടത്തി മൃതശരീരം വിട്ടു കിട്ടേണ്ടതുണ്ട്. സംശയാസ്പദമായ സാഹചര്യങ്ങളിൽ മരിക്കുന്നവരുടെ കാര്യത്തിൽ വികാരി വേണ്ടത്ര അന്വേഷിച്ച് വിവേകപൂർവ്വം പ്രവർത്തിക്കണം. മൃതസംസ്ക്കാരത്തിനു മുൻപ് പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് No Objection Certificate വാങ്ങേണ്ടതാണ്.

## Notification No. 6 /2025

ജനിച്ചു 90 ദിവസങ്ങൾ കഴിഞ്ഞ കുട്ടികളുടെ ജ്ഞാനസ്നാനം നടത്തുന്നതിനുള്ള അനുവാദം അതാത് ഫൊറോനാ വികാരിമാർക്ക് **2025 ഫെബ്രുവരി 1** മുതൽ നൽകാവുന്നതാണ്. പതിവുപോലെ ഈകാര്യത്തിനു കുരിയയിൽ നിന്നും അനുവാദം വാങ്ങാവുന്നതാണ്.

## മതബോധന വാർത്തകൾ

കെ.ആർ.എൽ.സി.സിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ മതബോധന അദ്ധ്യാപകർക്കുംവേണ്ടി സംഘടിപ്പിച്ച രൂപതാതല സഭാവിജ്ഞാന പരീക്ഷ 2025 ജനുവരി 5 ന് കോട്ടപ്പുറം സെന്റ് ആൻസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഏറ്റവും കൂടുതൽ മാർക്കു നേടിയ മൂന്നുപേർ സംസ്ഥാനതല പരീക്ഷയ്ക്ക് അർഹരായി. ആറു പേർ ഉന്നതവിജയം കരസ്ഥമാക്കി. മത്സരഫലം ചുവടെ ചേർക്കുന്നു.

**സംസ്ഥാനതല പരീക്ഷയ്ക്ക് അർഹരായവർ**

1. ഷെർമി കാർമ്മു, സെന്റ് ഫ്രാൻസിസ് സേവ്യർ യൂണിറ്റ്, സമ്പാളൂർ
2. ക്രിസ്റ്റി വിൻസന്റ്, ഇൻഫന്റ് ജീസസ് യൂണിറ്റ്, കടക്കര
3. ജെസ്സി ബെന്നി, സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്, ഗോതുരുത്ത്

**മികവു പുലർത്തിയവർ**

4. ഷെൽഡ ഡിന്നി, ഹോളി ഫാമിലി യൂണിറ്റ്, ചാലക്കുടി
5. മേരി കെ.ബി, സെന്റ് വിൻസന്റ് ഫെറർ യൂണിറ്റ്, ചാത്തനാട്
6. ഗീതു ബാബു, ജപമാല രാജ്ഞി യൂണിറ്റ്, ചെറായ്
7. ഗ്രാസിയ പയസ്, സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്, കോട്ടുവള്ളി
8. ഫിലോമിന ആന്റണി, സെന്റ് ആന്റണി യൂണിറ്റ്, ചെട്ടിക്കാട്
9. ജെയ്സൺ തോമസ്, സെന്റ് മൈക്കിൾ യൂണിറ്റ്, കോട്ടപ്പുറം

### മതബോധന അറിയിപ്പുകൾ

**2025 ഫെബ്രുവരി 09** - സഭാവിജ്ഞാന പരീക്ഷ സംസ്ഥാനതലം

**2025 ഫെബ്രുവരി 23** - രണ്ടാം സെമസ്റ്റർ മതബോധന പരീക്ഷ (ക്ലാസ്സ് 1 മുതൽ 9 വരെ)

# രൂപത വാർത്തകൾ

## കോട്ടപ്പുറം രൂപതയിൽ ജൂബിലി വർഷത്തിന് തുടക്കമായി



ആഗോള കത്തോലിക്കാസഭയിൽ 2025 ജൂബിലി വർഷം ആഘോഷങ്ങളുടെ ഭാഗമായി കോട്ടപ്പുറം രൂപതയിൽ ജൂബിലി ആഘോഷങ്ങൾക്ക് തിരിതെളിഞ്ഞു. ഇതോടനുബന്ധിച്ച് കോട്ടപ്പുറം മാർക്കറ്റിലെ പുരാതനമായ സെന്റ് തോമസ് കപ്പേളയിൽ നിന്നും കോട്ടപ്പുറം കത്തീഡ്രലിലേക്ക് നടന്ന വിളംബര ജാഥയ്ക്ക് കോട്ടപ്പുറം രൂപതാ ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നേതൃത്വം നൽകി. 2024 ഡിസംബർ 29 മുതൽ 2025 ഡിസംബർ 28 വരെയാണ് ജൂബിലി ആഘോഷങ്ങൾ നടക്കുന്നത്. 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന വിഷയം കേന്ദ്രീകരിച്ചാണ് ആഗോള സഭയിൽ ജൂബിലി ആഘോഷം നടക്കുന്നത്.

## മനുഷ്യച്ചങ്ങല അധർമ്മത്തിനും അനീതിക്കും എതിരെയുള്ള പ്രതിഷേധം : ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ



വൈപ്പിൻ – മുനമ്പം സംസ്ഥാന പാതയിൽ നടത്തിയ മനുഷ്യച്ചങ്ങല അധർമ്മത്തിനും അനീതിക്കും എതിരെയുള്ള പ്രതിഷേധമാണെന്ന് കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ. വഖഫ് നിയമത്തിന്റെ പേരിൽ സ്വന്തം കിടപ്പാടത്തിന്റെ റവന്യൂ അവകാശങ്ങൾ നഷ്ടപ്പെട്ട മുനമ്പം – കടപ്പുറം ജനത നടത്തുന്ന നീതിക്കായുള്ള സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് വൈപ്പിൻ മുതൽ മുനമ്പം – കടപ്പുറം സമരപന്തൽ വരെ കോട്ടപ്പുറം – വരാപ്പുഴ രൂപത കളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മനുഷ്യ ചങ്ങലയുടെ സമാപനത്തിൽ മുനമ്പം കടപ്പുറം സമരപന്തലിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കോട്ടപ്പുറം രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും ആയിരങ്ങൾ ചങ്ങലയിൽ പങ്കെടുത്തു. മുപ്പതിനായിരത്തോളം വരുന്ന ജനങ്ങൾ മനുഷ്യചങ്ങലയിൽ അണിനിരന്നു.

## വയനാടിന് കൈത്താങ്ങായി കോട്ടപ്പുറം രൂപത

വയനാട് ദുരന്തത്തിൽ ഇരയായവർക്ക് കോട്ടപ്പുറം രൂപതയുടെ കൈത്താങ്ങ് 26,50,000/- രൂപയുടെ സഹായം കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ കെ.സി.ബി.സി, ജെ.പി.ഡി കമ്മീഷന്റെയും കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കലിന് കൈമാറി.



*ദൈവം സ്നേഹമാണ്. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു.*

1 യോഹന്നാൻ 4 : 16

## കിഡ്സ് ഭിന്നശേഷി സംഗമം 'സ്നേഹക്കൂട് 2024'



കോട്ടപ്പുറം രൂപതയും കോട്ടപ്പുറം രൂപതയുടെ ഔദ്യോഗിക സാമൂഹിക സേവന വിഭാഗമായ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയും (കിഡ്സ്) സംയുക്തമായി ഭിന്നശേഷിക്കാരുടെ സംഗമം 'സ്നേഹക്കൂട് 2024' കോട്ടപ്പുറം വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വെച്ച് കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടന കർമ്മം നിർവഹിക്കുന്നു.

## സങ്കുചിതത്വത്തിൽ നിന്ന് വിശാലതയിലേക്ക് വളരണം: മന്ത്രി പി. രാജീവ്.



മനുഷ്യർ സങ്കുചിതത്വത്തിൽ നിന്ന് വിശാലതയിലേക്ക് വളരണമെന്ന് മന്ത്രി പി.രാജീവ്. കണ്ണൂർ രൂപത സഹായ മെത്രാനായി അഭിഷിക്തനായ ഡോ. ഡെന്നീസ് കുറുപ്പശ്ശേരിക്ക് കോട്ടപ്പുറം രൂപതയും മാതൃ ഇടവക പള്ളിപ്പുറം മഞ്ഞുമാത ബസിലിക്കയും ചേർന്ന് നല്കിയ സ്വീകരണത്തിന്റെ അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ സേവനം ചെയ്ത അനുഭവ സമ്പത്താണ് ഡെന്നിസ് പിതാവിന്റേത്. അത് നാടിന്റെ പുരോഗതിക്കും മനുഷ്യസ്നേഹത്തിന്റെ പുതിയ കടമകൾ നിർവ്വഹിക്കാനും സഹായിക്കട്ടെ എന്നും മന്ത്രി ആശംസിച്ചു.

## ഫുഡ് പ്രോസസിംഗ് ആൻഡ് പിക്കിൾ മേക്കിങ് ട്രെയിനിങ്ങ്



തൃശ്ശൂർ ജില്ലാ മിഷന്റെ കീഴിൽ വരവൂർ പഞ്ചായത്തിൽ കുടുംബശ്രീ അംഗങ്ങൾക്കായി കോട്ടപ്പുറം കിഡ്സ് നടത്തുന്ന ഫുഡ് പ്രോസസിംഗ് ആൻഡ് പിക്കിൾ മേക്കിങ് ട്രെയിനിങ്ങിന്റെ ഉദ്ഘാടനം കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിയോൺ തോമസ് ഉദ്ഘാടനം ചെയ്യുന്നു. ചടങ്ങിൽ വരവൂർ പഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി പുഷ്പ വി.കെ അധ്യക്ഷത വഹിച്ചു. 19 ദിവസത്തെ ട്രെയിനിങ്ങിൽ 35 കുടുംബശ്രീ അംഗങ്ങൾ പങ്കെടുക്കുന്നു.

## ബ്യൂട്ടിഷ്യൻ സ്കിൽ ട്രെയിനിങ് സംഘടിപ്പിച്ചു



കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (KIDS) യും എറണാകുളം ജില്ലാ മിഷനും ചേർന്ന് ചേരാനല്ലൂർ പഞ്ചായത്തിൽ നടത്തുന്ന 25 ദിവസം നീണ്ടുനിൽക്കുന്ന ബ്യൂട്ടിഷ്യൻ സ്കിൽ ട്രെയിനിങിന്റെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രാജേഷ് നിർവഹിച്ചു. 35 കുടുംബശ്രീ അംഗങ്ങൾ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നു.

## കോട്ടപ്പുറം രൂപതയിലെ കേന്ദ്രസമിതി, ശുശ്രൂഷ സമിതി കൺവീനേഴ്സ് സത്യപ്രതിജ്ഞ ചെയ്തു



കോട്ടപ്പുറം രൂപതയിലെ ഇടവകകളിൽ നിന്നുള്ള കേന്ദ്രസമിതി അംഗങ്ങളും, ശുശ്രൂഷ സമിതി (വിദ്യാഭ്യാസം, അജപാലനം, അൽമായം, കുടുംബ പ്രേഷിതം, യുവജനം, സാമൂഹികം) കൺവീനർമാരും കോട്ടപ്പുറം വികാസിൽ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ഇതോടനുബന്ധിച്ചു നടന്ന സമ്മേളനം കോട്ടപ്പുറം ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു.

## എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ്

### 2025 ഫെബ്രുവരി 3 വരെ അക്ഷയ കേന്ദ്രം വഴി അപേക്ഷിക്കാം

സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് അപേക്ഷിക്കാം

**ആവശ്യമായ രേഖകൾ**

SSLC, +2 / VHSE മാർക്ക് ലിസ്റ്റ്, അലോട്ട്മെന്റ് മെമ്മോ, ബാങ്ക് പാസ്ബുക്ക്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്

## C.H. മുഹമ്മദ് കോയ സ്കോളർഷിപ്പ് പുതിയ അപേക്ഷ ആരംഭിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപന്റ് അപേക്ഷ ക്ഷണിച്ചു.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2025 ഫെബ്രുവരി 3**



*ക്രിസ്തുവിൽ നിന്ന് ഈ കൽപന നമുക്കു ലഭിച്ചിരിക്കുന്നു: ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം.*

1 യോഹന്നാൻ 4 : 21

## പിതാവിന്റെ ഡയറി – ഫെബ്രുവരി 2025

| | | | | |
|---|---|---|---|---|
| 1\|2\|2025 | SATURDAY | | CCBI BHUBANESHWAR | |
| 2\|2\|2025 | SUNDAY | | CCBI BHUBANESHWAR | |
| 3\|2\|2025 | MONDAY | | CCBI BHUBANESHWAR | |
| 4\|2\|2025 | TUESDAY | | CCBI BHUBANESHWAR | |
| 5\|2\|2025 | WEDNESDAY | | CCBI BHUBANESHWAR | |
| 8\|2\|2025 | SATURDAY | 9.30 AM | Blessing Ceremony at Patrician Brothers | THRISSUR |
| | | 10.30 AM | GILD Programme | THRISSUR |
| | | 5:30 AM | MASS @ st.Antnoy's church | Malapallipuram |
| 9\|2\|2025 | SUNDAY | 9.30 AM | Mass @ St. Antony's church | Chappara |
| | | 4 PM | Education scholarship Programme | Vikas |
| | | | Logos Quiz Prize Distribution | |
| 11\|2\|2025 | TUESDAY | 4PM | Homily | Lourdes hospital |
| 13\|2\|2025 | THURSDAY | 5PM | MASS and Homily | Aquinas College Edacochin |
| 14\|2\|2025 | FRIDAY | 5PM | Mass and Flag Hoisting | Azheecode |
| 15\|2\|2025 | SATURDAY | | Message For Bible convention | Moovattupuzha |
| 16\|2\|2025 | SUNDAY | 9.30 AM | mass | V.P THURUTH |
| 17\|2\|2025 | MONDAY | 10.30 | Catechism meeting | Vikas |
| 22\|2\|2025 | SATURDAY | | Pastoral visit | chalakudy |
| 23\|2\|2025 | SUNDAY | | Pastoral visit | chalakudy |
| 26\|2\|2025 | WEDNESDAY | 10 AM | Sent off Meeting of teachers and Non- teaching staff | Vikas |

## ലോഗോസ് ക്വിസിന്റെ ജനുവരി മാസത്തെ ഉത്തരങ്ങൾ

1. തോബ് 2. സീഹോൻ 3. അർനോൺ 4. ജാബോക്ക് 5. ജഫ്താ 6. മരണത്തെ
7. പാതാളത്തിൽ 8. മ്ലേച്ഛസന്തതികൾ 9. അവകാശം 10. മക്കൾ 11. അവനെ ശാസിക്കണം
12. അപ്പസ്തോലൻമാർ 13. ഞാൻ പശ്ചാത്തപിക്കുന്നു 14. സിക്കമിൻ വൃക്ഷത്തോട്
15. പത്തു കുഷ്ഠരോഗികൾ 16. കൃപയും മഹത്വവും പുകഴ്ചയും 17. വിശുദ്ധൻമാർക്ക്
18. പൗലോസ് അപ്പസ്തോലൻ 19. കരവേല 20. കൽപനകളുടെയും ചട്ടങ്ങളുടെയും ആധിപത്യം

### ശരിയുത്തരങ്ങൾ അയച്ചവർ

1. ലാനി സ്റ്റീഫൻ, മേത്തല
2. ലിന്റ സൂസൻ, തെക്കേത്തുരുത്ത്
3. സെറാഫിൻ ബെഡിൻ, തെക്കേത്തുരുത്ത്
4. സുകൃത ജെയിംസ്, കോട്ടുവള്ളി
5. ഫിലോമിന ഡയസ്, തുരുത്തിപ്പുറം



ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**ഫിലോമിന ഡയസ്**
**തുരുത്തിപ്പുറം**



# 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

- **ന്യായാധിപന്മാർ** (11, 12 )
- **പ്രഭാഷകൻ** (41, 42)
- **ലൂക്കാ** (17, 18)
- **എഫേസൂസ്** (1, 2)

1. എഫ്രായിംകാർ ജഫ്തയോട് യുദ്ധത്തിന് ഒരുങ്ങിയത് എന്തിന്?
2. ആരെയെല്ലാം ഉപദേശിക്കുന്നത് ലജ്ജിക്കേണ്ടെന്നാണ് പ്രഭാഷകൻ പറയുന്നത്?
3. പ്രത്യക്ഷമായ അടയാളങ്ങളോടുകൂടെയല്ല – – – – – – – വരുന്നത്.
4. അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്ത് നമുക്ക് ക്രിസ്തുവിൽ കൈവന്നിരിക്കുന്നത് എന്ത്?
5. ജഫ്താ ആരെ ഒന്നിച്ചുകൂട്ടിയാണ് എഫ്രായിമിനോട് യുദ്ധം ചെയ്തത്?
6. മക്കൾ സ്വയമറിയാതെ തന്നെ പിതാവിനെ – – – – – – – – – – ആക്കുന്നു.
7. ദൈവരാജ്യം എപ്പോഴാണ് വരുന്നത് എന്ന് ആരുടെ ചോദ്യത്തിനുള്ള മറുപടിയാണ് ഈശോ നൽകിയത്?
8. നിങ്ങളെപ്രതി ദൈവത്തിന് – – – – – അർപ്പിക്കുകയും ചെയ്യുന്നതിൽ നിന്ന് ഞാൻ വിരമിച്ചിട്ടില്ല.
9. ജഫ്താ എത്രവർഷം ഇസ്രായേലിൽ ന്യായപാലനം നടത്തി?
10. കർത്താവിന്റെ – – – – – ആണ് എല്ലാ സൃഷ്ടികളിലും നിറഞ്ഞിരിക്കുന്നത്.
11. നോഹയുടെ ദിവസങ്ങളിൽ സംഭവിച്ചതെങ്ങനെയോ അങ്ങനെതന്നെയായിരിക്കും – – – – – – ന്റെ ദിവസങ്ങളിലും.
12. അപരാധങ്ങളും പാപങ്ങളും മൂലം ഒരിക്കൽ നിങ്ങൾ എന്തായിരുന്നു?
13. ഇബ്സാനു ശേഷം ഇസ്രായേലിന്റെ ന്യായപാലനം നടത്തിയ ഏലോൻ ഏതു ദേശക്കാരനാണ്?
14. എല്ലാ വസ്തുക്കളും ജോഡികളായി, ദ്വന്ദ്വങ്ങളായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഒന്നും – – – – – – അല്ല.
15. ശവം എവിടെയോ അവിടെ – – – – – വന്നുകൂടും.
16. തന്റെ ഹിതമനുസരിച്ച് എല്ലാം പൂർത്തിയാക്കുന്ന അവിടുന്ന് തന്റെ പദ്ധതിയനുസരിച്ച് അവനിൽ നമ്മെ – – – – – – – ചെയ്തിരിക്കുന്നു.
17. പിറഥോന്യനായ ഹില്ലേലിന്റെ മകൻ ആര്?
18. ഭഗ്നാശനാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നു കാണിക്കാൻ യേശു പറഞ്ഞ ഉപമയേത്?
19. സഭ അവന്റെ – – – – – – ആണ്. എല്ലാ വസ്തുക്കളിലും സകലവും പൂർത്തിയാക്കുന്ന അവന്റെ പൂർണ്ണതയുമാണ്.
20. പരദൂഷണം ആവർത്തിക്കുന്നതിലും – – – – – – ലും ലജ്ജിക്കുക.

**ഉത്തരങ്ങൾ ഫെബ്രുവരി 15 – ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

✉ didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം – 680 667**



പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്. എന്തെന്നാൽ, അയൽക്കാരനെ സ്നേഹിക്കുന്നവൻ നിയമം പൂർത്തീകരിച്ചുകഴിഞ്ഞു.

റോമാ 13 : 8

HOME CARE

# DON BOSCO HOSPITAL

HOME TO CARE AND CURE

(A Unit of Don Bosco Charitable Trust I Venture of the Diocese of Kottapuram)
North Paravur, Ernakulam, Kerala – 683513

# ഡോൺബോസ്കോ ഹോം കെയർ

നേരിട്ട് ആശുപത്രിയിലെത്തി ചികിത്സ നേടാൻ സാധിക്കാത്ത രോഗികൾക്ക് ആശ്വാസമായി ഡോക്ടർ അവരുടെ വീട്ടിലെത്തി ചികിത്സകൾ നിർദ്ദേശിക്കുന്ന പദ്ധതിയാണ് **ഡോൺബോസ്കോ ഹോം കെയർ**

**തിങ്കൾ -വെള്ളി**
**3p.m. to 6p.m.**

- പ്രത്യേക ഹെൽത് ചെക്കപ്പ് പാക്കേജുകൾ
- ലബോറട്ടറി പരിശോധനയ്ക്കുള്ള സാമ്പിളുകൾ വീടുകളിൽ നിന്നും ശേഖരിക്കുന്നു
- ആവശ്യം വരുന്ന മരുന്നുകൾ വീട്ടിൽ എത്തിച്ചു നൽകുന്നു
- മുറിവുകൾക്കുള്ള തുടർ പരിചരണം
- ഇ സി ജി, ഓക്സിജൻ സിലിണ്ടർ, റൈയിൽസ് ട്യൂബ്, യൂറിൻ കത്തീറ്റർ എന്നീ അവശ്യ സേവനങ്ങൾ
- മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്
- അടിയന്തര ചികിത്സാ സംവിധാനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നതല്ല

**ഒന്നര പതിറ്റാണ്ട് വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ കരുതലിന്റെ കാവലാളായിരുന്ന ഡോ. നിഷ നങ്ങേത്ത്** MBBS, DFM (Family Medicine) **നിങ്ങളുടെ ഭവനങ്ങളിൽ എത്തി സേവനം നൽകുന്നു.**



***സേവന പരിധി***

നോർത്ത് പറവൂർ ടൗണിൽ നിന്നും 10 കി. മി. ചുറ്റളവിൽ

ബുക്കിങ്ങിനായി വിളിക്കു...

**8943491000**

## Super Specialities

Cardiology | Neurology | Nephrology | Pulmonology | Gastroenterology | Oral & Maxillofacial surgery | Urology | Rheumatology | Cosmetology | Dermatology | Neurosurgery | Child & Adolescent Psychiatry | De-Addiction Clinic

CARING FOR 29+ YEARS



NH 66, North Paravur, Kerala 683513

0484 2491000



അഴീക്കോട്
സെന്റ് തോമസ് ദൈവാലയത്തിൽ
വി. തോമാശ്ലീഹായുടെയും
വി. സെബസ്ത്യാനോസിന്റേയും
തിരുനാൾ
2025 ഫെബ്രുവരി 14 മുതൽ 16 വരെ
നവനാൾ ദിനങ്ങൾ
ഫെബ്രുവരി 4 മുതൽ 12 വരെ
ധ്യാന ദിനങ്ങൾ
ഫെബ്രുവരി 10, 11, 12
കൊടികയറ്റം
ഫെബ്രുവരി 14
അമ്പ്തിരുനാൾ
ഫെബ്രുവരി 15
തിരുനാൾ ദിനം
ഫെബ്രുവരി 16